## അടിയന്തരപ്രമേയം

## എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ വിജിലൻസ് കേസ് അട്ടിമറിച്ച സർക്കാർ നടപടി

മി. സ്പീക്കർ: എക്സൈസ് വകുപ്പുമന്ത്രി ബാർ ലൈസൻസ് ഫീ കുറയ്ക്കുന്നതിന്റെ പേരിൽ 10 കോടി രൂപ കോഴ ആവശ്യപ്പെട്ടതായും ഇതു സംബന്ധിച്ച് വ്യക്തമായ മൊഴികളും തെളിവുകളും വിജിലൻസിന് ലഭിച്ചിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ അന്വേഷണം അവസാനിപ്പിച്ചതായും പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, മാത്യു. റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. . . . . . (ബഹളം) . . . . . . . .

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, വി.സി. 06/14 എസ്.ഐ.യു.-1 എന്ന കേസ്സിൽ ബിജു രമേശ് തിരുവനന്തപുരം JFCM - II കോടതി മുമ്പാകെ 164 CrPC പ്രകാരം മൊഴി നൽകി. പ്രസ്തുത മൊഴിയിൽ സാക്ഷി എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ചില

ആരോപണങ്ങൾ ഉന്നയിച്ചു. ബാർ ലൈസൻസ് ഫീസ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം 10 കോടി രൂപ ബാർ അസോസിയേഷൻ ഭാരവാഹികൾ നൽകിയെന്നാണ് മൊഴിയിൽ പറഞ്ഞിരിക്കുന്നത്. ഈ ആരോപണം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ, നേരത്തെ അന്വേഷിച്ചുകൊണ്ടിരുന്ന കേസ്സിന്റെ ഭാഗമായി അന്വേഷിക്കാൻ കഴിയുമോയെന്ന് എസ്.ഐ.യു.-1 എസ്.പി. സുകേശനോട് വിജിലൻസ് ഡയറക്ടർ രേഖാമൂലം ആരായുകയുണ്ടായി. എക്സൈസ് വകുപ്പുമന്ത്രിക്കെതിരെയുള്ള ആരോപണം തികച്ചും വ്യത്യസ്തമാണെന്നും താൻ അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസ്സിന്റെ ഭാഗമല്ലെന്നും എസ്.പി. സുകേശൻ മറുപടി നൽകുകയുണ്ടായി. തുടർന്ന് ഈ ആരോപണത്തിന്മേൽ ഒരു പ്രാഥമിക അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഡയറക്ടർ ഉത്തരവിട്ടു. അന്വേഷണത്തിന് പ്രാപ്തനായ ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ എറണാകുളം റെയ്ഞ്ച് വിജിലൻസ് എസ്.പി.യെ ചുമതലപ്പെടുത്തുകയും പ്രസ്തുത അന്വേഷണം എറണാകുളം യൂണിറ്റ് ഡിവൈ.എസ്.പി. നടത്തിയിട്ടുള്ളതുമാണ്. പ്രസ്തുത അന്വേഷണത്തിൽ, ബിജു രമേശ് 164 CrPC സ്റ്റേറ്റ്മെന്റിൽ പറയാത്ത ചില ആരോപണങ്ങൾ ഉന്നയിച്ചു. 50 ലക്ഷം രൂപ

താൻ നേരിട്ട് എക്സൈസ് വകുപ്പുമന്ത്രിയുടെ പി.എ.യ്ക്ക് നൽകിയതായി ബിജു രമേശ് പറഞ്ഞു. എല്ലാ ആരോപണങ്ങളെപ്പറ്റിയും ബന്ധപ്പെട്ട സാക്ഷികളെയെല്ലാം കണ്ട് സമഗ്രമായ അന്വേഷണം നടത്തിയതിൽ വെളിവായ വസ്തുതകളുടെ വെളിച്ചത്തിൽ നിയമാനുസരണം തുടർനടപടികൾ സ്വീകരിക്കാൻ പര്യാപ്തമല്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെട്ടു. വ്യവസ്ഥാപിതമായ രീതിയിൽ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ വേണ്ടെന്ന് തീരുമാനിക്കുകയുണ്ടായി.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അഴിമതി കേസ് എങ്ങനെയാണ് അട്ടിമറിക്കപ്പെടുന്നതെന്നത് സംബന്ധിച്ച ലഘുവിവരണമാണ് ആഭ്യന്തര വകുപ്പുമന്ത്രി സഭയ്ക്ക് നൽകിയിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ മുഖമുദ്രതന്നെ അഴിമതിയാണ്. അഴിമതി കേസ്സിൽപ്പെട്ട് ഒരു മന്ത്രി രാജി വയ്ക്കേണ്ടി വന്നതിനുശേഷമാണ് ഇപ്പോൾ സഭ ചേരുന്നത്. ഈ മന്ത്രിസഭയിലെ മൂന്നാമനായ മന്ത്രി രാജിവച്ചിരിക്കുന്നു. അദ്ദേഹത്തെ സീറ്റിൽ കാണുന്നില്ല. ഈ മന്ത്രിസഭയിലെ ഏറ്റവും കരുത്തനായ മന്ത്രിയെ രക്ഷിക്കാൻ എന്തെല്ലാം വഴിവിട്ട പരിശ്രമങ്ങൾ നടത്തി; എന്നിട്ടും രക്ഷിക്കാൻ കഴിഞ്ഞോ? നിയമവാഴ്ചയ്ക്കനുസരിച്ച് പ്രവർത്തിക്കാതിരുന്നാൽ ഇങ്ങനെ സംഭവിക്കും

എന്നതിന് തെളിവാണിത്. ശ്രീ. കെ. ബാബുവിനെയും ഇങ്ങനെയാക്കാനാണോ ഉദ്ദേശിക്കുന്നത്. കോടതി പറഞ്ഞതിനുശേഷം രാജി വയ്ക്കാം; ഗവൺമെന്റ് നിയമാനുസൃതമായി പ്രവർത്തിക്കില്ല എന്നാണോ? സർക്കാർ, വിജിലൻസിനെ നിയമാനുസൃതമായി പ്രവർത്തിപ്പിക്കില്ല എന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തീരുമാനിച്ചുവെന്നുള്ളതല്ലേ ഇവിടെ നടത്തിയ വിശദീകരണത്തിൽ നിന്നും വ്യക്തമാകുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 262-ന് ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ ഉത്തരം, ബാർ ലൈസൻസ് ഫീസ് 30 ലക്ഷം രൂപയായി ഉയർത്താനും സർക്കാർ ഉദ്ദേശിച്ച 23 ലക്ഷം രൂപയായി കുറയ്ക്കുന്നതിനും 10 കോടി രൂപ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു കൈക്കൂലി വാങ്ങിയെന്നാണ് ബാർ ഹോട്ടൽ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റായ ബിജു രമേശ് വി.സി. 06/14 എസ്.ഐ.യു.-1 കേസ്സന്വേഷണ വേളയിൽ മജിസ്ട്രേട്ട് മുമ്പാകെ മൊഴി നൽകിയതെന്നും ഇതിനെക്കുറിച്ച് പ്രാഥമിക അന്വേഷണം നടന്നുവരുന്നതേയുള്ളൂവെന്നുമാണ്. ഇപ്പോൾ വന്ന റിപ്പോർട്ട് പ്രകാരം ആ അന്വേഷണം പ്രഹസനമാക്കിയെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സമ്മതിച്ചിരിക്കുകയാണ്. വിജിലൻസ് ഡിവൈ.എസ്.പി. ഈ കേസ്

എടുക്കാൻ കഴിയില്ലെന്നുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് ജൂൺ മാസം 6-ാം തീയതിയാണ്. ഇങ്ങനെയൊരു പ്രാഥമിക അന്വേഷണം വിജിലൻസ് മാന്വലിൽ പറയുന്നില്ല. യഥാർത്ഥത്തിൽ വിജിലൻസ് വകുപ്പ് 1997-ൽ പ്രാഥമിക അന്വേഷണം വേണ്ടെന്ന് തീരുമാനിച്ചതാണ്. ശ്രീ. കെ. ബാബുവിന്റെ കേസ്സിൽ മാത്രം ആ പ്രാഥമിക അന്വേഷണം എങ്ങനെ ബാധകമാക്കി? സർക്കാരും വിജിലൻസും പ്രവർത്തിക്കേണ്ടത് വിജിലൻസ് മാന്വലിന് വിധേയമായിട്ടാണ്. പ്രാഥമിക അന്വേഷണം എന്ന കാര്യം വിജിലൻസ് മാന്വലിൽ ഉണ്ടോയെന്ന് ഞാൻ ബഹുമാനപ്പെട്ട വിജിലൻസ് വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്. 1997-ൽ നിർത്തലാക്കിയ കാര്യം ഈ കാര്യത്തിൽ മാത്രം എങ്ങനെ നടപ്പിലാക്കി? 2013-ന് ശേഷം ഇത്തരം ആരോപണങ്ങളെല്ലാം അന്വേഷിക്കേണ്ടത് ലളിതകുമാരി കേസ് വിധിയുടെ അടിസ്ഥാനത്തിൽ ആണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതാണ്. ലളിതകുമാരി കേസ് വിധിയുടെ അടിസ്ഥാനത്തിലാണ് ശ്രീ. കെ.എം. മാണിക്കെതിരെ കേസ് രജിസ്റ്റർ ചെയ്യേണ്ടിവന്നതെന്നാണ് അന്ന് മുഖ്യമന്ത്രി പറഞ്ഞത്. ആ ന്യായമെന്താണ് ശ്രീ. കെ. ബാബുവിന് ബാധകമാക്കാതിരുന്നത്? ശ്രീ. കെ. ബാബുവിനുവേണ്ടി മാത്രം പ്രിലിമിനറി

എൻക്വയറി എന്ന സംവിധാനം ഈ ഗവൺമെന്റ് ഉണ്ടാക്കി. മിന്നൽ പരിശോധന, രഹസ്യാന്വേഷണം, വിജിലൻസ് അന്വേഷണം, ക്വിക്ക് വെരിഫിക്കേഷൻ, കേസ് രജിസ്റ്റർ ചെയ്തുകൊണ്ടുള്ള കേസ്സിന്റെ അന്വേഷണം തുടങ്ങിയവ നടത്താൻ മാത്രമെ വിജിലൻസ് മാന്വലിൽ വ്യവസ്ഥയുള്ളൂ. അതിന് വ്യത്യസ്തമായി ഇത്തരത്തിൽ ഒരന്വേഷണം നടത്തിയത് ശ്രീ. കെ. ബാബുവിനെ രക്ഷിക്കാൻ വേണ്ടിയാണ്. ശ്രീ. കെ. ബാബുവിനെ രക്ഷിക്കാൻ മുൻകൂട്ടി അന്വേഷണം നടത്താൻ എങ്ങനെ സാധിക്കും? അതിനുവേണ്ടി ഒരു പ്രഹസനം നടത്താൻ ഒരു ഡിവൈ.എസ്.പി.യെ കണ്ടെത്തി. ആ ഡിവൈ.എസ്.പി.യുടെ പേര് എം.എൻ. രമേശ് എന്നാണ്. ഇദ്ദേഹം യു.ഡി.എഫ്-ന്റെ വിശ്വസ്തനായ ഉദ്യോഗസ്ഥനാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അദ്ദേഹത്തെ ലോക്കൽ സ്റ്റേഷനിലാണ് നിയമിച്ചത്; ഈ കേസ്സിന്റെ അന്വേഷണം നടത്താൻ വേണ്ടി മാത്രമാണ് വിജിലൻസിലേയ്ക്ക് മാറ്റി നിയമിച്ചത്. അദ്ദേഹത്തിൽനിന്നും റിപ്പോർട്ട് വാങ്ങിയാണ് ഇത്തരത്തിലൊരു റിപ്പോർട്ട് കൊടുത്തിരിക്കുന്നത്. ബാർ ലൈസൻസ് ഫീസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് 4-2-2013-ൽ മന്ത്രിയുടെ ചേമ്പറിൽ ബാർ ഉടമകളുടെയും എക്സൈസ്-നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെയും

ഒരു യോഗം വിളിച്ചു. അവിടെയാണ് ബാർ ലൈസൻസ് ഫീസ് 22 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷം രൂപയാക്കി ഉയർത്താൻ സർക്കാർ നിശ്ചയിച്ചിരിക്കുന്നുവെന്ന് മന്ത്രി അറിയിക്കുന്നത്. ഫീസ് 30 ലക്ഷം രൂപയാക്കാൻ പോകുന്നതായുള്ള ഒരു ഇംപ്രഷൻ ബാർ ഉടമകൾക്ക് ആ യോഗത്തിൽ കൊടുത്തു. എന്നാൽ ടാക്സസ് വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശം 25 ലക്ഷം രൂപയാക്കണമെന്നായിരുന്നു. 22 ലക്ഷം രൂപ എന്നുള്ളത് 25 ലക്ഷം രൂപയാക്കണമെന്നാണ് റിപ്പോർട്ട് കൊടുത്തതെന്ന് വിജിലൻസ് ഡിവൈ.എസ്.പി.ക്ക് ടാക്സസ് സെക്രട്ടറി മൊഴി കൊടുത്തിരിക്കുകയാണ്. 30 ലക്ഷം രൂപയാക്കി ഉയർത്താനാണ് ഗവൺമെന്റ് പ്രൊപ്പോസൽ എന്നാണ് കോൺട്രാക്ടർമാരോട് ശ്രീ. കെ. ബാബു പറഞ്ഞത്. അതിനെത്തുടർന്നാണ് വിലപേശൽ നടക്കുന്നത്. ഈ ഘട്ടത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി കെ. ബാബു, ഉദ്യോഗസ്ഥന്മാരെയൊക്കെ ഒഴിവാക്കി ബാർ ഉടമസ്ഥന്മാരുമായി രഹസ്യ ചർച്ച നടത്തിയത്. ആ രഹസ്യ ചർച്ചയിലാണ് 10 കോടി രൂപ സമാഹരിച്ചുനൽകിയാൽ ഫീസ് കുറച്ചുതരാമെന്ന് ശ്രീ. കെ. ബാബു ആവശ്യപ്പെടുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് 30 ലക്ഷം രൂപയെന്നുള്ളത് കുറച്ച് 23 ലക്ഷം രൂപയാക്കി നിജപ്പെടുത്തിയത്.

ക്യാബിനറ്റിൽ പോയ നോട്ടിൽ 25 ലക്ഷം രൂപയെന്നുള്ളത് തിരുത്തി 23 ലക്ഷം രൂപയാക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ക്യാബിനറ്റ് നോട്ട് മേശപ്പുറത്ത് വയ്ക്കുമോ? ക്യാബിനറ്റ് നോട്ടിൽ അത്തരത്തിൽ തിരുത്തൽ വരുത്തിയത് ആരാണ്? അതുതന്നെ ഏറ്റവും വലിയ തെളിവാണ്. 25 ലക്ഷം രൂപ 23 ലക്ഷം രൂപയാക്കി കുറയ്ക്കാൻ ഉദ്യോഗസ്ഥരുടെ യോഗത്തിൽ തീരുമാനിച്ചിട്ടില്ലെന്നാണ് ടാക്സസ് സെക്രട്ടറി മൊഴി കൊടുത്തിരിക്കുന്നത്. ടാക്സസ് സെക്രട്ടറി ഗവർണ്ണറുടെ സെക്രട്ടറിയായിരുന്ന ശ്രീ. അജിത് കുമാർ ആണ്. അദ്ദേഹം കൊടുത്ത മൊഴി അവിശ്വസിക്കേണ്ട കാര്യമുണ്ടോ? ഉദ്യോഗസ്ഥരുടെ ചർച്ചയിൽ നിന്നും വ്യത്യസ്തമായി, 23 ലക്ഷം രൂപയാക്കി കുറയ്ക്കുന്നതിന് വിലപേശാൻ വേണ്ടിയാണ് രഹസ്യയോഗം നടത്തിയത്. ആദ്യമായിട്ടാണ് ഇത്തരത്തിലൊരു സംഭവം നടക്കുന്നത്. എന്തിനാണ് ലൈസൻസ് ഫീസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാരുമായി ഒരു പ്രി-ബഡ്ജറ്റ് ചർച്ച നടത്തുന്നത്? ഇതിനുമുമ്പൊന്നും അത്തരത്തിൽ ചർച്ച നടത്തിയിട്ടില്ല. പണം വാങ്ങുന്നതിനുവേണ്ടി ആസൂത്രണം ചെയ്തതായിരുന്നു ഇങ്ങനെയൊരു യോഗം എന്നുള്ള കാര്യം വ്യക്തമല്ലേ? എഴുന്നൂറിൽപ്പരം ബാറുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഒരു കാലമാണത്. ആ ബാറുകളിൽ നിന്ന് 30

ലക്ഷം രൂപ വീതം ലൈസൻസ് ഫീസിനത്തിൽ കിട്ടേണ്ടിയിരുന്ന തുക സംസ്ഥാന ഖജനാവിന് നഷ്ടപ്പെട്ടില്ലേ? ലൈസൻസ് ഫീസ് 23 ലക്ഷം രൂപയായി കുറച്ചുകൊടുത്തപ്പോൾ സർക്കാരിന് ലഭിക്കേണ്ട തുകയായ 49 കോടി രൂപ നഷ്ടപ്പെട്ടു. 49 കോടി രൂപ സർക്കാരിന് നഷ്ടപ്പെട്ടപ്പോൾ ശ്രീ. കെ. ബാബുവിന് 10 കോടി രൂപ കിട്ടി. മന്ത്രിക്ക് 10 കോടി രൂപ ലഭിച്ചപ്പോൾ സർക്കാരിനുണ്ടായ നഷ്ടം 49 കോടി രൂപയാണ്. ബാറുടമകൾക്ക് കിട്ടിയ ലാഭം 39 കോടി രൂപ. ഓരോ ബാറുടമകൾക്കും ഇതുവഴി ലഭിച്ച ലാഭം 7 ലക്ഷം രൂപയാണ്. ഇതിന്റെ ഭാഗമായി പണം സമാഹരിച്ചുവെന്ന് വിജിലൻസ് ഡിവൈ.എസ്.പി. നടത്തിയ അന്വേഷണത്തിൽനിന്ന് വ്യക്തമായിരിക്കുകയാണ്. ശ്രീ. എം. എൻ. രമേശ്, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, വി.എ.സി.ബി., എറണാകുളം യൂണിറ്റിന്റെ പ്രിലിമിനറി എൻക്വയറി റിപ്പോർട്ടിലെ ഇരുപതാമത്തെ പേജിൽ ഐറ്റം നം.8-ൽ പറയുന്നത്, 27,79,89,098/- രൂപ (ഇരുപത്തിയേഴ് കോടി എഴുപത്തിയൊൻപത് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ) ഈ കോൺട്രാക്ടർമാർ പിരിച്ചെടുത്തുവന്നാണ്. പിരിച്ചെടുത്ത തുകയിൽനിന്നാണ് 10 കോടി രൂപ മന്ത്രിക്ക് നൽകിയത്. മന്ത്രി പറയുന്നയാളുടെ അടുത്തേയ്ക്ക് ഈ പണം എത്തിച്ചുവെന്നതിന്റെ തെളിവുകളാണ് ബിജു രമേശും ബന്ധപ്പെട്ട ആളുകളും

വിജിലൻസിനുമുമ്പിൽ സമർപ്പിച്ചിരിക്കുന്നത്. ബിജു രമേശ് തന്നെ നേരിട്ട് മന്ത്രിയുടെ ഓഫീസിൽ പോയതിന്റെയും അദ്ദേഹത്തിന്റെ കൂടെ ആരൊക്കെയാണുണ്ടായിരുന്നതെന്നതിന്റെയും സാക്ഷി മൊഴി സമർപ്പിച്ചിരിക്കുന്നു. ബിജു രമേശ് നേരിട്ട് മന്ത്രിക്ക് 50 ലക്ഷം രൂപ കൊടുത്തതായി പറയുന്നു. മന്ത്രി അത് പ്രൈവറ്റ് സെക്രട്ടറിയായ പൈ-യെ ഏൽപ്പിക്കാൻ ആവശ്യപ്പെട്ടുവെന്നും പൈ പെട്ടി വാങ്ങി അവിടെ വയ്ക്കുകയും മന്ത്രി പോകുമ്പോൾ സ്യൂട്ട്കേസുമായി ആള് പോയി കാറിന്റെ ഡിക്കിയിലേയ്ക്ക് വച്ചുകൊടുക്കുകയും ചെയ്തുവെന്നുമാണ് പറയുന്നത്. എന്താണ് നമ്മുടെ സെക്രട്ടേറിയറ്റിൽ നടക്കുന്നത്? അഴിമതി ഇല്ലാതാക്കാൻ വേണ്ടി നമ്മുടെ കെ.പി.സി.സി. പ്രസിഡന്റ് ഒരു നിർദ്ദേശം വച്ചു. മന്ത്രിമാർ പുറത്തുപോകുമ്പോഴാണ് കൈക്കൂലി വാങ്ങുന്നത് അതുകൊണ്ട് എല്ലാവരും ആഴ്ചയിൽ അഞ്ചുദിവസം സെക്രട്ടേറിയറ്റിൽ തന്നെയിരിക്കണം. കെ.പി.സി.സി. പ്രസിഡന്റ് കരുതിയതെന്താണ്; സെക്രട്ടേറിയറ്റിൽ ഇരുന്നാൽ കൈക്കൂലി വാങ്ങുകയില്ലായെന്നാണ്. 50 ലക്ഷം രൂപ ഓഫീസിൽ ഇരുന്ന് കൈക്കൂലി വാങ്ങി എന്നാണ് നൽകിയിട്ടുള്ള മൊഴിയിൽ വ്യക്തമായിട്ട് പറയുന്നത്. ഇങ്ങനെയൊരു മൊഴി കിട്ടിയിട്ട് എന്തുകൊണ്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തില്ല എന്നതാണ് ഞങ്ങൾക്ക് അറിയേണ്ടത്. എഫ്.ഐ.ആർ. എടുത്ത് കേസ് രജിസ്റ്റർ ചെയ്യത്തക്ക

തെളിവ് ലഭിച്ചിട്ടും എന്തുകൊണ്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല? ഇതേതരത്തിലുള്ള ഒരു പരാതിയുണ്ടായ ഘട്ടത്തിലല്ലേ മുൻ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ക്വിക് വെരിഫിക്കേഷൻ നടത്തിയത്? ഞാൻ നേരത്തെ പറഞ്ഞല്ലോ, രക്ഷയില്ല, ലളിതകുമാരി v/s UP വന്നുപോയി, 42 ദിവസംകൊണ്ട് അന്വേഷണം പൂർത്തിയാക്കി കൊടുത്തില്ലേ? എന്നിട്ട് ശ്രീ. കെ. എം. മാണിക്കെതിരായി കേസ് രജിസ്റ്റർ ചെയ്തു, മാണിക്കെതിരായിവന്ന ആക്ഷേപമെന്താണ്; 5 കോടി രൂപ ചോദിച്ചു, ഒരു കോടി രൂപ കൊടുത്തു. ഒരു കോടി രൂപ വാങ്ങിയ ശ്രീ. കെ. എം. മാണിയിപ്പോൾ പുറത്തായി, 10 കോടി രൂപ വാങ്ങിയ ശ്രീ. കെ. ബാബു അകത്തിരിക്കുകയാണ്. ഒരു കോടി രൂപ വാങ്ങിയയാൾ പുറത്ത്, 10 കോടി രൂപ വാങ്ങിയ ആൾ അകത്ത്, ഇതാണ് ശ്രീ. ഉമ്മൻ ചാണ്ടി ഭരണത്തിലെ നീതിനിർവ്വഹണം. ഒരു കോടി രൂപ വാങ്ങിയ ശ്രീ. കെ. എം. മാണിക്കെതിരെ കേസ്, 10 കോടി രൂപ വാങ്ങിയ ശ്രീ. കെ. ബാബുവിനെതിരെ കേസില്ല. ഒരു പന്തിയിൽ രണ്ടുതരം ഭക്ഷണമാണോ ഇവിടെ; ഇവിടെ ശ്രീ. കെ.എം. മാണിക്ക് ഒരു വകുപ്പ്, ശ്രീ. കെ. ബാബുവിന് മറ്റൊരു വകുപ്പ്. ശ്രീ. കെ. ബാബു കോൺഗ്രസ് മന്ത്രിയായിപ്പോയി എന്നതുകൊണ്ട് അദ്ദേഹത്തിന് പ്രത്യേക പരിഗണന, ശ്രീ. കെ. എം. മാണി കേരള കോൺഗ്രസുകാരനാണ്

എന്നുള്ളതുകൊണ്ട് അദ്ദേഹത്തിന് രണ്ടാമത്തെ നീതി, ഇതിവിടെ വ്യക്തമായില്ലേ? ഇതിനെക്കുറിച്ച് നമ്മുടെ ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി പറഞ്ഞത്, 'against me only hearsay evidence, but against Shri. K. Babu direct evidence' എന്നാണ്. 'Hearsay evidence' ഉള്ള കെ. എം. മാണിക്കെതിരെ കേസ്, 'direct evidence' ഉള്ള കെ. ബാബുവിനെതിരെ കേസില്ല. ഇതെന്താണ്, വെള്ളരിക്കാപട്ടണമാണോ? നിയമവാഴ്ചയില്ലാത്ത സംസ്ഥാനമാണിതെന്നതിന്റെ തെളിവല്ലേയിത്; നീതിന്യായ നിർവ്വഹണം ഈ തരത്തിലാണോ പോകുന്നത്? മാണിക്കെതിരായ കേസ് രജിസ്റ്റർ ചെയ്ത് അത് അട്ടിമറിച്ച രീതിയെന്താണെന്ന് കേരളം മുഴുവൻ ചർച്ച ചെയ്യപ്പെട്ടു. ആ അന്വേഷണ റിപ്പോർട്ട് വിജിലൻസ് കോടതി നിരാകരിച്ചില്ലേ; നിങ്ങളുടെ വിജിലൻസ് അന്വേഷണത്തിൽ കോടതി പ്രകടിപ്പിച്ച അവിശ്വാസമല്ലേയത്? സുപ്രീം കോടതി അഭിഭാഷകരുടെ നിയമോപദേശം വിജിലൻസ് കോടതി അംഗീകരിച്ചോ? നിയമവിരുദ്ധമായി നിങ്ങൾ പ്രവർത്തിച്ചാൽ നിയമവാഴ്ചയിൽ കോടതി അത് അംഗീകരിക്കില്ലായെന്ന് മനസ്സിലായില്ലേ? പ്രഥമദൃഷ്ട്യാ കെ. എം. മാണി കുറ്റം ചെയ്തു, കൈക്കൂലി വാങ്ങിയതിന് തെളിവുണ്ട് എന്ന് വിജിലൻസ് കോടതി പറഞ്ഞപ്പോൾ അതിനെതിരായി ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതിയെ

സമീപിച്ചപ്പോഴെന്താണ്; രണ്ട് കരണത്തും നോക്കി ഹൈക്കോടതി അടിച്ചു. ഇവിടത്തെ കോടതി ഒരു കരണത്ത് നോക്കിയാണ് അടിച്ചതെങ്കിൽ ഹൈക്കോടതി ശ്രീ. ഉമ്മൻ ചാണ്ടിയുടെ രണ്ട് കരണത്തും നോക്കി അടിച്ചു. സാക്ഷികളുടെ വിശ്വാസ്യത ബന്ധപ്പെട്ട കോടതിയാണ് പരിശോധിക്കേണ്ടതെന്ന് കോടതി പറഞ്ഞില്ലേ? ഇവിടെ വിശ്വാസ്യത പരിശോധിക്കുന്നതാരാണ്; മുഖ്യമന്ത്രിയാണ്. ഇവരൊന്നും വിശ്വസ്തരായ സാക്ഷികളല്ല, ഇവരെല്ലാം അവിശ്വസിക്കേണ്ടവരാണെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നു. കോടതി മുഖ്യമന്ത്രിയെടുത്ത നിലപാട് നിരാകരിച്ചില്ലേ? അന്വേഷണം നടത്തുന്ന ഘട്ടത്തിൽ, ബന്ധപ്പെട്ട വ്യക്തി മന്ത്രി സ്ഥാനത്ത് തുടരുന്നത് ശരിയല്ലെന്ന് കോടതി പറഞ്ഞില്ലേ, രാജ്യം മുഴുവൻ അംഗീകരിച്ചു. ആരോപണവിധേയനായ വ്യക്തി അന്വേഷണം നടക്കുന്ന ഘട്ടത്തിൽ മന്ത്രിസ്ഥാനത്ത് തുടരുന്നത് ശരിയല്ലെന്ന് വന്നപ്പോഴല്ലേ ഗത്യന്തരമില്ലാത്ത സന്ദർഭത്തിൽ ശ്രീ. കെ. എം. മാണിക്ക് രാജി വയ്ക്കേണ്ടി വന്നത്? 'സീസറുടെ ഭാര്യ പരിശുദ്ധയായിരിക്കണം' എന്ന് കോടതി പറഞ്ഞു. കോടതി അത്ര മാത്രമെ പറഞ്ഞിട്ടുള്ളൂ, അതവിടെയിരിക്കുന്ന എല്ലാവർക്കും ബാധകമാണ്. ട്രഷറി ബെഞ്ചിലിരിക്കുന്ന എല്ലാവരെയും നോക്കിയാണ് കോടതി ഇത് പറഞ്ഞത്. ഇത് ശ്രീ. കെ. ബാബുവിന് ബാധകമല്ലേ; ഇതപ്പുറത്തിരിക്കുന്ന

യാതൊരാൾക്കും ബാധകമല്ലേ? ശ്രീ. കെ. എം. മാണിയുടെ കേസിൽ സാക്ഷിയുടെ നുണപരിശോധന നടത്തി. ഈ കേസിലെന്താണ് അത് ചെയ്യാത്തത്? അത്തരമൊരു ശാസ്ത്രീയമായ പരിശോധന ഈ കേസിന്റെ അന്വേഷണത്തിൽ ഡിവൈ.എസ്.പി. സ്വീകരിച്ചിട്ടുണ്ടോ? സംസ്ഥാനത്താകെ അന്വേഷണ പരിധിയുള്ള തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിന്റെ ചുമതലയുള്ള എസ്.പി.യാണ് ഈ കേസ് അന്വേഷിച്ചത്.

<u>മി. സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞാൻ കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്. പക്ഷെ കേസിവിടെ അവതരിപ്പിക്കണ്ടെ; എന്നാലല്ലേ അങ്ങേയ്ക്ക് മനസ്സിലാകുകയുള്ളൂ. അങ്ങേയ്ക്കൊരു തീരുമാനമുണ്ടാക്കുന്നതിനു വേണ്ടിയും ഈ സഭയ്ക്ക് തീരുമാനമുണ്ടാക്കുന്നതിനുവേണ്ടിയുമാണ് ഞാൻ ഈ പ്രശ്നമവതരിപ്പിക്കുന്നത്. അങ്ങ് നേരത്തെ റൂൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല.

<u>മി. സ്പീക്കർ:</u> അങ്ങനെയല്ല, 16 മിനിട്ടായിയെന്ന് അങ്ങയെ ഓർമ്മിപ്പിച്ചതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, സംസ്ഥാനത്താകെ ചുമതലയുള്ള ഒരു

എസ്.പി.യുടെ കീഴിലാണ് ശ്രീ. കെ. എം. മാണിയുടെ കേസ് അന്വേഷിച്ചത്. ആ ഘട്ടത്തിൽവന്ന 164 സ്റ്റേറ്റ്മെന്റാണെന്ന് മന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഇവിടെ സമ്മതിച്ചു. അതിന്റെ ഫലമായിട്ടാണ് 164 സ്റ്റേറ്റ്മെന്റ് പ്രകാരം ബാബുവിനെതിരായുള്ള മൊഴി വന്നത്. ആ എസ്.പി.തന്നെയല്ലേ ഈ കേസും അന്വേഷിക്കേണ്ടത്; സംസ്ഥാനത്താകെ അധികാര പരിധിയുള്ള ഒരു എസ്.പി. അന്വേഷിച്ചുവരുന്ന ഒരു കേസ് ആ എസ്.പി.യിൽ നിന്ന് മാറ്റി മറ്റൊരു യൂണിറ്റിലേയ്ക്ക് ഏൽപ്പിച്ചതുതന്നെ തെറ്റായ രീതിയല്ലേ? ഈ സംഭവം നടന്നത് തിരുവനന്തപുരത്തല്ലേ, അരോപണ വിധേയനായ ആളും, പണം കൊടുത്തുവെന്ന് പറയുന്ന ആളും തിരുവനന്തപുരത്താണ്. Place of occurrence ഇവിടെയാണ്. ശ്രീ. കെ. ബാബുവും ശ്രീ. ബിജു രമേശും താമസിക്കുന്നതിവിടെയാണ്. ഈ സാഹചര്യത്തിൽ തിരുവനന്തപുരത്തുനിന്ന് അന്വേഷണം എറണാകുളം യൂണിറ്റിലേയ്ക്ക് മാറ്റിയതുതന്നെ ഈ കേസ് അട്ടിമറിക്കാനായിരുന്നില്ലേ? വിജിലൻസ് ഡിവൈ.എസ്.പി. ഈ കേസിന്റെ അന്വേഷണം ഇനി തുടരേണ്ടതില്ല എന്ന് തീരുമാനിച്ച റിപ്പോർട്ട് എന്റെ കൈവശമുണ്ട്. ഇങ്ങനെയൊരു നിഗമനത്തിലേയ്ക്ക് എത്തുന്നതിനുവേണ്ടി ഏതെങ്കിലും നിയമോപദേശം വാങ്ങിയിട്ടുണ്ടോ? വിജിലൻസ് ലീഗൽ അഡ്വൈസറുടെ ഉപദേശം ഇതിലുണ്ടോ;

ശ്രീ. കെ.എം. മാണിയുടെ കാര്യത്തിൽ ഇങ്ങനെയൊരു തീരുമാനം എടുക്കുന്നതിന് സുപ്രീം കോടതി അഭിഭാഷകന്റെ അഭിപ്രായം തേടിയെന്ന് പറഞ്ഞു, അങ്ങനെ ഏതെങ്കിലുമൊരു അഭിഭാഷകന്റെ അഭിപ്രായം തേടിയിട്ടുണ്ടോ, അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശമുണ്ടോ; ഒരു മന്ത്രിയുടെ പേരിലുള്ള കേസ് അവസാനിപ്പിക്കാൻ വിജിലൻസ് തീരുമാനമെടുക്കുന്ന സന്ദർഭത്തിൽ വിജിലൻസ് ലീഗൽ അഡ്വൈസറുടെ ഉപദേശം തേടേണ്ടതല്ലേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, 18 മിനിട്ടായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പത്തുകോടി രൂപയാണ് വാങ്ങിയത്. പത്തുകോടിയുടെ പ്രശ്നം പറയാൻ അരമണിക്കൂറെങ്കിലും വേണ്ടേ? ഇതൊരു കേസ്സല്ലേ. ഞങ്ങൾ പറയുന്നത് നിങ്ങൾ കേട്ടില്ലെങ്കിൽ കോടതി ഇത് കേൾക്കും. കോടതി പറയുമ്പോൾ നിങ്ങൾ നാണംകെട്ട് ഇറങ്ങിപ്പോകും. ശ്രീ. കെ. ബാബുവിനെ രക്ഷിക്കാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. ശ്രീ. കെ. ബാബു നാണംകെട്ട് ഇറങ്ങിപ്പോകണോ അതോ ഇപ്പോൾ പോകണോ, ഇതാണ് പ്രശ്നം. ശ്രീ. കെ. എം. മാണിയെപ്പോലെ തന്നെ ശ്രീ. കെ. ബാബുവിനെയുമാക്കണം എന്ന് തീരുമാനിച്ചിരിക്കുന്ന ആളുകളായിരിക്കും അപ്പുറത്തിരിക്കുന്ന ശ്രീ. രമേശ് ചെന്നിത്തലയും കൂട്ടരും. ഞാൻ അങ്ങനെയല്ല, മാന്യമായി പുറത്തുപോകാനുള്ള

ഒരവസരമുണ്ടാക്കിക്കൊടുക്കുകയാണ് ചെയ്യുന്നത്. അതിനുപകരം അപമാനിത നാക്കി പുറത്താക്കാൻ വേണ്ടിയാണ് ഈ കേസ് ഇത്തരത്തിൽ പോകുന്നത്. ഈ കേസ് കോടതിയുടെ മുമ്പിലേക്കെത്തുമ്പോൾ നിയമസഭയിൽ ആരെങ്കിലും ഒരാൾ ഇത് പറഞ്ഞോയെന്ന് കോടതി ചോദിക്കില്ലേ. ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന 66 പേരും മോശക്കാരാണെന്ന് വരുത്താൻ കഴിയുമോ? അപ്പോൾ ബഹുമാന്യനായ സ്പീക്കർ ശ്രീ. ശക്തൻ നാടാർ ഞങ്ങളെ പറയാൻ അനുവദിച്ചില്ല എന്ന് കോടതിയിൽ പറഞ്ഞാൽ മതിയോ?

<u>മി. സ്പീക്കർ</u>: എന്നെ എന്തിനാണ് ഇതിൽ പിടിച്ച് ഇടുന്നത്?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, വേണമെങ്കിൽ ഞങ്ങളിൽ കുറച്ചുപേരെ സസ്പെൻഡ് ചെയ്യാം. ഇവിടെയിരിക്കുന്ന ആറ് എം.എൽ.എ.മാരുടെ പേരിൽ ഇന്നലെ കേസ് എടുത്തില്ലേ, അത് എന്തിനായിരുന്നു? അഴിമതിക്കെതിരെ സംസാരിക്കുന്ന എം.എൽ.എ.മാരുടെ വായ് മൂടിക്കെട്ടാനാണോ? ക്രൈം ബ്രാഞ്ചിനെ ഉപയോഗിച്ചുകൊണ്ട് ഇന്നലെ ആഭ്യന്തരമന്ത്രി കേസെടുപ്പിച്ചില്ലേ? ആഭ്യന്തര മന്ത്രിയുടെ ഉദ്ദേശ്യം ഇന്ന് ഈ പ്രശ്നം സഭയിൽ ചർച്ചയ്ക്ക് വരട്ടെയെന്ന് കരുതിയിട്ടാണോ? അങ്ങനെ നിങ്ങൾ വച്ച കെണിയിലൊന്നും ഞങ്ങൾ വീഴാൻ പോകുന്നില്ല. പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ ആറ് എം.എൽ.എ.മാരുടെ

പേരിൽ നിങ്ങൾ കേസെടുത്തു. അഴിമതിക്കെതിരെ പോരാടിയതിന്റെ പേരിൽ എത്ര കേസുവന്നാലും ആ കേസുകളൊക്കെ നേരിടാൻ ഞങ്ങൾ തയ്യാറാണ്. അഴിമതിക്കെതിരെ പോരാടിയതിന്റെ പേരിൽ ജയിലിൽ കിടക്കേണ്ടിവന്നാലും തൂക്കുമരം കയറേണ്ടിവന്നാലും ഈ ഗവൺമെന്റിന്റെ അഴിമതിക്കെതിരെ ഞങ്ങൾ പോരാടും. ഞങ്ങളുടെ ഭാഗത്തുള്ള എം.എൽ.എ.മാരുടെ പേരിൽ കേസെടുത്തതു കൊണ്ടൊന്നും ഇത് അവസാനിക്കുന്നില്ല. ശാസ്ത്രീയമായൊരു അന്വേഷണം നടത്താൻ തയ്യാറാകാതെ ധൃതിപിടിച്ച് ഈ കേസിന്റെ അന്വേഷണം അവസാനിപ്പിച്ചത് എന്തിനുവേണ്ടിയാണെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ വെളിപ്പെടുത്തണം. ഈ ബാർ കോഴക്കേസ്സിന്റെ ഉറവിടം ശ്രീ. ഉമ്മൻ ചാണ്ടിയല്ലേ? ഈ കേസ്സിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ ചോദ്യം ചെയ്തിട്ടുണ്ടോ; പ്രധാന സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ടോ? ഇതിനൊക്കെ ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയേണ്ടതാണ്. സാക്ഷികളുടെ വിശ്വസ്തത പോരായെന്ന് പറയുന്ന ആളുകൾ നേരത്തെയെടുത്ത സമീപനത്തിൽനിന്ന് വ്യത്യസ്തമായൊരു സമീപനം ഇക്കാര്യത്തിൽ എന്തുകൊണ്ടെടുത്തു? ഇത്ര പ്രമാദമായൊരു കേസ് ഒരു ഡിവൈ.എസ്.പി. രണ്ട് മാസംകൊണ്ട് തന്നിഷ്ടംപോലെ അന്വേഷിച്ച് അന്വേഷണം തന്നെ അവസാനിപ്പിച്ചു.

മി. സ്പീക്കർ: പ്ലീസ്....... 21 മിനിട്ടായി. ഇനി കൂടുതൽ സമയമെടുക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇങ്ങനെയുള്ള കേസ്സിനെക്കുറിച്ച് പറയാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുന്ന സമയമെത്രയാണ് ? അങ്ങ് പറയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങ് വളരെ സീനിയറായിട്ടുള്ള ഒരംഗമാണ്. ഒരു അടിയന്തരപ്രമേയത്തിന് സാധാരണ എത്ര മിനിട്ടെടുക്കുമെന്ന് അങ്ങേയ്ക്ക് അറിയില്ലേ? ഇപ്പോൾത്തന്നെ 22 മിനിട്ടാകാൻ പോകുന്നു. ഇത്രയും സമയം ഇതുവരെ ഒരു അടിയന്തരപ്രമേയത്തിനുമെടുത്തിട്ടില്ല. പ്ലീസ് കൺക്ലൂഡ്......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതുപോലൊരു പ്രശ്നം ഇതുവരെ ഈ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. അസാധാരണമായൊരു സ്ഥിതിവിശേഷം ഇവിടെയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി എന്താണ് പറഞ്ഞത്?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....... അങ്ങേയ്ക്ക് പറയാനുള്ളത് മുഴുവൻ പറയാനായി 22 മിനിട്ടെടുത്തു. ഇനി സമയമെടുക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പറയാനുള്ളത് വളരെ ശാന്തമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ പ്രകോപിപ്പിച്ചുകൊണ്ട്

എന്റെ പ്രസംഗം തടസ്സപ്പെടുത്തരുത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, വളരെ സീനിയറായ അങ്ങ് 22 മിനിട്ട് എടുത്തു. ഇനി കൂടുതൽ സമയമെടുക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇങ്ങനെയുള്ള ആളുകളെ ന്യായീകരിക്കുന്നവരെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത് അങ്ങ് ഓർക്കുന്നുണ്ടോ? ശ്രീ. കെ. എം. മാണി ഒരു കുറ്റവും ചെയ്തിട്ടില്ല എന്ന് മുഖ്യമന്ത്രി പറഞ്ഞതിനെക്കുറിച്ച് മുഖ്യമന്ത്രി ഇങ്ങനെ ന്യായീകരിച്ചാൽ ഈ കേസ്സിന്റെ അന്വേഷണം എങ്ങനെ നീതിപൂർവ്വമാകുമെന്ന് ഹൈക്കോടതി ചോദിച്ചില്ലേ; ഹൈക്കോടതിക്ക് അങ്ങനെ ചോദിക്കേണ്ടി വന്നില്ലേ; എന്തുകൊണ്ട് ഇത് സംഭവിച്ചു?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അടിയന്തരപ്രമേയത്തിന്റെ ചട്ടങ്ങളൊക്കെ എനിക്കുമറിയാം. അങ്ങ് സമയം എന്നെ ഓർമ്മിപ്പിച്ചത് ശരിയാണ്. അതുകൊണ്ടുതന്നെ ഞാനിത് ചുരുക്കാൻ ശ്രമിക്കുകയാണ്. അങ്ങേയ്ക്ക് കുറച്ച് പ്രയാസമുണ്ടാകുമെന്നെനിക്കറിയാം. അത് വ്യക്തിപരമായിട്ടുള്ള പ്രയാസമല്ല. അങ്ങയെ തെരഞ്ഞെടുക്കപ്പെട്ടവരോടുള്ള കൂറ് അങ്ങ് കാണിക്കും.

അതുകൊണ്ടുമാത്രമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ചെയറിനെക്കുറിച്ച് അങ്ങനെ പറയരുത്. പ്ലീസ് കൺക്ലൂഡ്....... 23 മിനിട്ടായി. ഇനി ഒരു മിനിട്ടുകൂടിയേ അനുവദിക്കൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചെയറിനെക്കുറിച്ച് പറയാനുള്ള റൂൾസ് ഓഫ് പ്രൊസീഡ്യൂവർ എനിക്കറിയാം. ചെയറിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ചെയറിനെതിരെ അവിശ്വാസ പ്രമേയം നൽകിക്കൊണ്ടുതന്നെ ഞങ്ങൾ പറയും. ഇപ്പോൾ ചെയറിനെക്കുറിച്ച് പറയാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഈ പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനെക്കുറിച്ച് ഹൈക്കോടതി പറഞ്ഞു, ഈ മുഖ്യമന്ത്രിയുടെ കീഴിൽ എങ്ങനെയാണ് വിജിലൻസ് അന്വേഷണം നീതിപൂർവ്വമാകുന്നത് എന്ന്. ശ്രീ. കെ. ബാബു മന്ത്രിയായിട്ടിരുന്നുകൊണ്ട് ഇവിടെയൊരു അന്വേഷണം ഫലപ്രദമാകില്ല. അതുകൊണ്ട് ശ്രീ. കെ. ബാബുവിനെ മന്ത്രിസ്ഥാനത്തുനിന്ന് മാറ്റിനിറുത്തി ക്കൊണ്ട് ഈ കേസ് അന്വേഷിക്കണം. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് ആ കസേരയിലിരിക്കാൻ എന്താണ് അർഹത? ഈ മുഖ്യമന്ത്രിയുടെ കീഴിൽ വിജിലൻസ് അന്വേഷണം ശരിയായ രീതിയിൽ

നടക്കാൻ പോകുന്നില്ലായെന്ന് കോടതി തന്നെ അവിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു, സ്വതന്ത്രമായ അന്വേഷണം നടക്കില്ലായെന്ന് ഹൈക്കോടതി പറഞ്ഞുകഴിഞ്ഞു. ഈ സാഹചര്യത്തിൽ കേരളത്തിൽ നീതിന്യായ വ്യവസ്ഥ നിലനിൽക്കുന്നുണ്ട് എന്ന് സ്ഥാപിക്കാനുള്ള ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ട്. അതിന് ഈ ഗവൺമെന്റിനെ നിർബന്ധിക്കാൻ ജനങ്ങളോട് പ്രതിബന്ധതയുള്ള ഒരു പ്രതിപക്ഷം എന്ന നിലയിൽ ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. ഞങ്ങൾ അതിനുവേണ്ടി കിട്ടുന്ന വേദികളിലൊക്കെ പോരാടും. ആ പോരാട്ടത്തിന്റെ ഭാഗമായിട്ടാണ് ഞങ്ങളിന്ന് ഈ പ്രശ്നം ഇവിടെ അടിയന്തര പ്രമേയമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടത്. ഇന്നത്തെ മറ്റെല്ലാ ബിസിനസ്സുകളും നിറുത്തിവച്ച് ഈ വിഷയം ഇന്നിവിടെ ചർച്ച ചെയ്യണം. ഈ പ്രശ്നത്തിൽനിന്ന് എന്തിനാണ് ഗവൺമെന്റ് ഒളിച്ചോടുന്നത്? നിങ്ങൾക്കൊന്നും ഒളിച്ചുവയ്ക്കാനില്ലെങ്കിൽ വിജിലൻസ് ഡിവൈ.എസ്.പി.യുടെ റിപ്പോർട്ട് വച്ചുകൊണ്ട് നമുക്ക് ചർച്ച ചെയ്യാം.

മി. സ്പീക്കർ: 25 മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങനെ ശ്രീ. കെ. ബാബുവിന്റെ പേരിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന ആരോപണത്തിനെതിരെ സമഗ്രമായ അന്വേഷണം നടത്തണം, ശ്രീ. കെ. ബാബു മന്ത്രിസ്ഥാനത്തുനിന്ന് രാജിവയ്ക്കണം.

രാജിവയ്ക്കാൻ തയ്യാറാകുന്നില്ലെങ്കിൽ അതിശക്തമായ പ്രക്ഷോഭണത്തെ നേരിടേണ്ടിവരും. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തുകൊണ്ട് ഒരന്വേഷണം നടത്താൻ ഈ ഗവൺമെന്റ് സന്നദ്ധമാകണം. ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് അതിനെക്കുറിച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം ഞാൻ ബഹുമാനപ്പെട്ട ചെയറിനുമുന്നിൽ സമർപ്പിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ആറ് കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചത്. അതിൽ ആദ്യമായി അദ്ദേഹം പറഞ്ഞത് വിജിലൻസിൽ രണ്ടുതരത്തിലുള്ള എൻക്വയറികളാണ് നിലവിലുള്ളതെന്നാണ്. അത് പ്രിലിമിനറി എൻക്വയറിയും ഡീറ്റെയിൽഡ് എൻക്വയറിയുമാണ്. 1997-ലെ വിജിലൻസ് മാന്വലിൽ പറഞ്ഞു എന്ന് അദ്ദേഹം പറയുന്നത് ശരിയാണ്. 05.04.1997-ലെ ജി.ഒ. (പി)നം.18/97/വിജി. ഉത്തരവ് പ്രകാരം പ്രിലിമിനറി എൻക്വയറിയും ഡീറ്റെയിൽഡ് എൻക്വയറിയും നിർത്തലാക്കി. പകരം വിജിലൻസ് എൻക്വയറി എന്നതുമാത്രമാക്കി. എന്നാൽ വിജിലൻസ് ബ്യൂറോയിൽ കിട്ടുന്ന പരാതികളുടെ ബാഹുല്യം കണക്കിലെടുത്ത് അന്നത്തെ വിജിലൻസ് ഡയറക്ടർ ഒരു ക്വിക്ക് വെരിഫിക്കേഷൻ നടത്താനുള്ള സർക്കുലർ ഇറക്കി. അതിന്റെ അടിസ്ഥാനത്തിൽ

വിജിലൻസിൽ വരുന്ന പരാതികളിൽ ക്വിക്ക് വെരിഫിക്കേഷൻ നടത്തുന്നത് ഒരു നടപടിക്രമമായി വർഷങ്ങളായി നിലനിൽക്കുകയാണ്. അദ്ദേഹം ആഭ്യന്തര മന്ത്രിയായിരുന്ന കാലത്തും ഇത് തുടരുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി സിറാജുദ്ദീൻ Vs. ഗവൺമെന്റ് ഓഫ് മദ്രാസ് എന്ന കേസിലും 2014-ലെ ലളിതകുമാരി Vs. ഗവൺമെന്റ് ഓഫ് ഉത്തർപ്രദേശ് എന്ന കേസിലും ഒരു പൊതു പ്രവർത്തകനെതിരായി അഴിമതി ആരോപണങ്ങൾക്ക് പരാതി ലഭിച്ചാൽ കേസ് രജിസ്റ്റർ ചെയ്യാതെ ആ ആരോപണത്തെപ്പറ്റി പ്രാഥമിക അന്വേഷണം നടത്തണമെന്ന് പറഞ്ഞിട്ടുണ്ട്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് പ്രാഥമിക അന്വേഷണം വേണമെന്നാണ് ലളിതകുമാരി Vs. ഗവൺമെന്റ് ഓഫ് ഉത്തർപ്രദേശ് എന്ന കേസ്സിലും സിറാജുദ്ദീൻ Vs. ഗവൺമെന്റ് ഓഫ് മദ്രാസ് എന്ന കേസ്സിലും പറഞ്ഞിട്ടുള്ളത്. അതിന് കേരളത്തിലെ വിജിലൻസ് ഡയറക്ടർ ക്വിക്ക് വെരിഫിക്കേഷൻ എന്ന് പേരിട്ടു, ഈ കേസ്സുകളിലൊക്കെ പ്രിലിമിനറി എൻക്വയറി എന്നും പേരിട്ടു. ഇതുരണ്ടും ഒന്നാണ്. പേരിന്റെ കാര്യത്തിൽ ഒരു വ്യത്യാസവുമില്ല. ശരിയായ ദിശയിൽ മനസ്സിലാക്കിയാൽ ക്യൂ.വി.യും പ്രിലിമിനറി എൻക്വയറിയും തമ്മിൽ വാക്കുകളുടെ മാറ്റമല്ലാതെ പ്രൊസീഡ്യുവറിൽ ഒരു മാറ്റവുമില്ല. കെ. എം. മാണി സാറിനെതിരെ ക്യൂ.വി. നടക്കുമ്പോൾ ഈ സഭയിലെ അംഗമായ ശ്രീ. വി.

എസ്. സുനിൽ കുമാർ, എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷിക്കണ മെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതി വാദം കേട്ടു. ബഹുമാനപ്പെട്ട ഹൈക്കോടതി ശ്രീ. വി. എസ്. സുനിൽ കുമാർ എം.എൽ.എ.യുടെ കേസിൽ വിധി പറഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമായി പറയുന്നുണ്ട്, ക്യൂ.വി അല്ലെങ്കിൽ പ്രിലിമിനറി എൻക്വയറി നടത്തണമെന്നാണ്. അതിന്റെ അർത്ഥം തന്നെ രണ്ട് പേരിലുമുള്ള അന്വേഷണം ഒന്നുതന്നെയാണെന്നുള്ളതാണ്. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആദ്യമായി ഉന്നയിച്ച മാണിസാറിന്റെ കേസ്സിൽ ക്യൂ.വി.യും മന്ത്രി ശ്രീ. ബാബുവിന്റെ പേരിൽ പ്രിലിമിനറി എൻക്വയറിയും നടത്തിയത് ഇരട്ടത്താപ്പാണെന്നുമുള്ള വാദം നിരർത്ഥകമാണ്. രണ്ടും പ്രാഥമിക അന്വേഷണം തന്നെയാണ്.

അദ്ദേഹം രണ്ടാമതു പറഞ്ഞ കാര്യം, രണ്ടു രീതിയിലാണ് ഈ കേസ്സിനെ സമീപിച്ചതെന്നാണ്. വിജിലൻസ് നിഷ്പക്ഷവും നീതിപൂർവ്വവുമായിട്ടാണ് അന്വേഷണം നടത്തുന്നത്. ഒരു കേസ്സുപോലല്ല എല്ലാ കേസ്സുകളും. ഓരോ കേസ്സും ഓരോ രീതിയിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മകൾക്കെതിരായി ബഹുമാന്യനായ മുൻമന്ത്രി ആർ. ബാലകൃഷ്ണപിള്ള ഒരു കേസ് കൊടുത്തു. അദ്ദേഹത്തിന്റെ മകൾ റിസർച്ചിനുവേണ്ടി അനുവദിച്ച തുകയിൽ കൃത്രിമം

നടത്തിയെന്നായിരുന്നു കേസ്. ആ കേസ് അന്വേഷിച്ചപ്പോൾ അതിൽ വാസ്തവമില്ലെന്നു കണ്ട്, വിജിലൻസ് അത് ക്ലോസ് ചെയ്തു. ഓരോ കേസും വ്യത്യസ്ത സ്വഭാവമുള്ള കേസ്സുകളാണ്. വിജിലൻസിന്റെ മുൻപിൽ വരുന്ന കേസ്സുകൾ പരിശോധിക്കുകയും തള്ളുകയും ചെയ്യുന്നത് തെളിവുകളുടെ അടിസ്ഥാനത്തിലാണ്, അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ്. കെ. എം. മാണി സാറിന്റെ കേസ്സിൽ ക്യു. വി. സമയത്ത് പ്രധാന സാക്ഷികളാരും വിളിച്ചിട്ട് മൊഴി കൊടുക്കാൻ വന്നില്ല. ഈ സഭയിൽ തന്നെ ശ്രീ. സി. ദിവാകരൻ പറഞ്ഞു, ബഹുമാനപ്പെട്ട മന്ത്രി എന്തുകൊണ്ട് FIR തയ്യാറാക്കി അന്വേഷിക്കുന്നില്ല, നിങ്ങൾ വിളിച്ചാൽ അവരാരും മൊഴി കൊടുക്കാൻ വരില്ലായെന്ന് പറഞ്ഞത് ഞാൻ ഇപ്പോഴും ഓർക്കുകയാണ്. ക്യു. വി. അന്വേഷണം നടന്നുകൊണ്ടിരുന്നപ്പോൾ ഒരു പ്രധാന സാക്ഷിയും മൊഴി കൊടുക്കാൻ വന്നില്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ കയ്യിൽ ആരോപണങ്ങൾക്കനുസൃതമായ മൊഴി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ ഒരു കൊഗ്നൈസബിൾ ഒഫൻസ് ഉണ്ട്. അതിന്റെ സത്യാവസ്ഥ വെരിഫൈ ചെയ്തിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ടി വന്നു. ശ്രീ. കെ. ബാബുവിന്റെ കേസ്സിൽ പ്രാഥമിക അന്വേഷണം നടത്തിയപ്പോൾ സാക്ഷികൾ മുന്നോട്ടുവന്ന് ഇതെല്ലാം അവാസ്തവമാണെന്ന് മൊഴി കൊടുത്തു. അങ്ങനെ മൊഴി

കൊടുത്ത സാഹചര്യത്തിൽ ആരോപണത്തിൽ കഴമ്പില്ലെന്ന് അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്തത്. മാണി സാറിന്റെ കേസ്സിൽ സാക്ഷികളാരും വന്നില്ല, ആരും അതിനെ കണ്ടസ്റ്റ് ചെയ്തില്ല. അതേ സമയം ശ്രീ. കെ. ബാബുവിന്റെ കേസ്സിൽ സാക്ഷികൾ വന്നു, മൊഴി കൊടുത്തു, ആരോപണം തെറ്റാണെന്ന് പറഞ്ഞ സാഹചര്യത്തിൽ അവിടെ കൊഗ്നൈസബിൾ ഒഫൻസുണ്ടാകുന്നില്ലെന്നതിന്റെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതിരുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യമായതുകൊണ്ട് ഇതിനെപ്പറ്റി ഞാൻ കൂടുതൽ പറയുന്നില്ല.

മൂന്നാമതായി അദ്ദേഹം പറഞ്ഞത്, വിജിലൻസിൽ കോടതി അവിശ്വാസം രേഖപ്പെടുത്തിയെന്നാണ്. വിജിലൻസിൽ കോടതി ഒരു അവിശ്വാസവും രേഖപ്പെടുത്തിയില്ല. തിരുവനന്തപുരം ജില്ലാ വിജിലൻസ് കോടതി പറഞ്ഞത്, മാണി സാറിന്റെ കേസിൽ ഒരു തുടരന്വേഷണം വേണമെന്നുമാത്രമാണ്. തുടരന്വേഷണം നടക്കട്ടെ. അതിന് ആർക്കാണ് ഇവിടെ പരാതി. ഞാൻ അത് വ്യക്തമാക്കുന്നു, തുടരന്വേഷണം നടത്തണമെന്നേ പറഞ്ഞിട്ടുള്ളൂ. തിരുവനന്തപുരം വിജിലൻസ് കോടതി ആരെയും കുറ്റക്കാരനായി വിധിച്ചിട്ടില്ല. വിജിലൻസ് കൊടുത്ത

റിപ്പോർട്ടിൻമേൽ കൂടുതൽ അന്വേഷണം നടത്തണമെന്ന് മാത്രമാണ് തിരുവനന്തപുരം വിജിലൻസ് കോടതി പറഞ്ഞിരിക്കുന്നത്. അതിനോടൊപ്പം തന്നെ വിജിലൻസിന്റെ പ്രവർത്തനത്തെ സംബന്ധിച്ച ചില കാര്യങ്ങൾകൂടി വിജിലൻസ് കോടതി പറഞ്ഞിരുന്നു. വിജിലൻസ് ഡയറക്ടറുടെയും വിജിലൻസിന്റെയും അധികാരങ്ങൾ റദ്ദാക്കപ്പെട്ടിരിക്കുന്നു. വിജിലൻസിന് പ്രവർത്തിക്കാൻ കഴിയാത്ത പ്രശ്നമുണ്ടായിരിക്കുന്നു. അതുകൊണ്ടാണ് വിജിലൻസ് ഹൈക്കോടതിയിൽ പോകാൻ തീരുമാനിച്ചത്. ഗവൺമെന്റല്ല ഹൈക്കോടതി യിൽ പോയത്. കാരണം വിജിലൻസ് ഡയറക്ടറുടെയും വിജിലൻസ് എ.ഡി.ജി.പി.യുടെയും അധികാരം ചോദ്യം ചെയ്യപ്പെട്ടു. മേലുദ്യോഗസ്ഥന് അന്വേഷണ ഉദ്യോഗസ്ഥനുമേൽ ഒരു ഉപദേശവും നിർദ്ദേശവും കൊടുക്കാൻ കഴിയാത്ത അവസ്ഥ വന്നപ്പോൾ, വിജിലൻസിൽ ആയിരക്കണക്കിന് കേസ്സുകൾ അന്വേഷണവും വിചാരണയും നടന്നുകൊണ്ടിരിക്കുമ്പോൾ അങ്ങനെയൊരു അധികാരമില്ലെങ്കിൽ വിജിലൻസിന്റെ പ്രവർത്തനം ഇല്ലാതാകുന്നുവെന്ന് കണ്ടതുകൊണ്ടാണ് വിജിലൻസ് ഹൈക്കോടതിയിൽ പോയത്. അങ്ങനെ ഹൈക്കോടതിയിൽ പോയപ്പോൾ വിജിലൻസിന്റെ മുഴുവൻ അധികാരവും തിരിച്ചു തന്നു. ബാർ കോഴക്കേസ് പരിഗണിച്ച തിരുവനന്തപുരം വിജിലൻസ് കോടതിയോ കേരളാ

ഹൈക്കോടതിയോ അതിന്റെ കേസിൽ ഒരിക്കൽപ്പോലും ഗവൺമെന്റിനെ വിമർശിച്ചിട്ടില്ലെന്നു മാത്രമല്ല വിജിലൻസ് കോടതിയുടെ വിധിയിൽ വന്ന കേസ്സിന്റെ വിശദാംശങ്ങളെ സംബന്ധിച്ച് പരാമർശങ്ങൾ ഒഴിവാക്കേണ്ടതായിരുന്നു എന്നാണ് ശ്രീ. കമാൽ പാഷ എന്ന ഹൈക്കോടതി ജഡ്ജി പറഞ്ഞത്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ പറഞ്ഞത് ഞാൻ വായിക്കാം. " The observations made by the court below against the Director of Vigilance that he has no power to give timely directions to the investigation officer was expunged." വിജിലൻസ് ഡയറക്ടർക്ക് അന്വേഷണ ഉദ്യോഗസ്ഥന് സമയാസമയങ്ങളിൽ നിർദ്ദേശം കൊടുക്കാൻ അധികാരമില്ലെന്ന തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവിനെ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി ശ്രീ. കമാൽ പാഷ എക്സ്പഞ്ച് ചെയ്തു എന്നു മാത്രമല്ല നാൽപ്പതാം പാരഗ്രാഫിൽ താഴെപ്പറയുന്ന പ്രകാരം പറയുന്നു, " The court below (Vigilance Court, Thiruvananthapuram) could have avoided those observations. It is made clear that those observations made by the court below shall not have the effect of any finding entered by the court below on merits or any direction issued by the court below. Such observations made by the court below shall

not prejudice the accused in any manner in the continued investigation or a trial, in case it is necessitated" . കീഴ്ക്കോടതി പറഞ്ഞ കാര്യങ്ങൾ ഒരു കാരണവശാലും അന്വേഷണത്തെ പ്രിജൂഡിസ്ഡായി ബാധിക്കരുത് എന്ന വ്യക്തമായ നിർദ്ദേശമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് കോടതി ഗവൺമെന്റിനെ വിമർശിച്ചിട്ടില്ല. വിജിലൻസ് ഹൈക്കോടതിയിൽ പോയതിന് ന്യായീകരണമുണ്ട്. ആ കേസ് നൂറ് ശതമാനവും വിജയിച്ചു. എല്ലാ അധികാരങ്ങളും വിജിലൻസ് ഡയറക്ടർക്ക് തിരികെ കിട്ടി.

നാലാമതായി അദ്ദേഹം പറഞ്ഞകാര്യം, ഈ കേസ് എന്തുകൊണ്ട് ശ്രീ. രമേശിനെ ഏൽപ്പിച്ചു എന്നതാണ്. ശ്രീ. ബിജു രമേശ് 164 CrPC സ്റ്റേറ്റ്മെന്റിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ബാബുവിനെതിരെ ഒരു പരാമർശം നടത്തിയത് 30-03-2015 നാണ്. എം.എൻ. രമേശ് എന്ന ഡിവൈ.എസ്.പി. എറണാകുളം വിജിലൻസിൽ ജോയിൻ ചെയ്തത് 24-11-2014 നാണ്. അദ്ദേഹത്തിന്റെ വാദം എത്രമാത്രം നിരർത്ഥകമാണ്. ഈ കേസ് അന്വേഷിക്കാൻ വേണ്ടി ഞാൻ ഒരു ഡിവൈ.എസ്.പി.യെ വിജിലൻസിലേക്ക് ട്രാൻസ്ഫർ ചെയ്തുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് വസ്തുതകൾക്ക് വിരുദ്ധമാണ്. 24-11-2014-നാണ് ഈ വ്യക്തി ഡിവൈ.എസ്.പി.യായി ചാർജ്ജെടുത്തത്.

ഇവിടെ ജ്യൂറിസ്ഡിക്ഷനില്ലെന്ന് അദ്ദേഹം പറഞ്ഞു. മുൻ ധനകാര്യ വകുപ്പുമന്ത്രിക്കെതിരായ ആരോപണം ക്യു.വി.യായി അന്വേഷിച്ചത് വിജിലൻസ് റെയ്ഞ്ച് യൂണിറ്റാണ്, എസ്.ഐ.യു-I അല്ല. എസ്.പി. ശ്രീ. രാജ്മോഹനാണ് അന്വേഷിച്ചത്. അന്വേഷിച്ചുകഴിഞ്ഞ് ക്യു.വി. പൂർത്തിയായശേഷം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതാണ് എസ്.ഐ.യു-I. അദ്ദേഹം പറഞ്ഞത് ശരിയല്ല.

അതുപോലെതന്നെ, എക്സൈസ് വകുപ്പുമന്ത്രിക്കെതിരായ ആരോപണം വിജിലൻസിന്റെ എറണാകുളം റെയ്ഞ്ച് യൂണിറ്റാണ് പ്രിലിമിനറി എൻക്വയറി നടത്തിയത്. ഈ യൂണിറ്റിന് ജ്യൂറിസ്ഡിക്ഷനില്ലെന്നു പറഞ്ഞത് ശരിയല്ല. അന്വേഷണത്തിന് ഒരു യൂണിറ്റിനെ ചുമതലപ്പെടുത്തിയാൽ സംസ്ഥാനത്തിനകത്തോ പുറത്തോ പോയി കേസ് അന്വേഷിക്കാൻ ആ യൂണിറ്റിന് അധികാരമുണ്ടെന്നത് ദീർഘകാലം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാത്ത കാര്യമാണോ? അതുകൊണ്ട് ആ വാദവും നിലനിൽക്കുന്നതല്ല. കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഞാൻ ഈ കേസ്സിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല. ഇത് സബ്ജ്യൂഡീസായ ഒരു കാര്യമാണ്. 100 ശതമാനം തെളിവുകളുടെയും അന്വേഷണത്തിൽ കണ്ട ഫൈൻഡിംഗിസിന്റെയും അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ വിജിലൻസ് പ്രവർത്തിച്ചത്. മാണി

സാറിന്റെ പേരിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുകൊണ്ട് ശ്രീ. കെ. ബാബുവിന്റെ പേരിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന് പറയുന്ന വാദം നിയമപരമായി നിലനിൽക്കുന്നതല്ല എന്നേ ഞാൻ പറഞ്ഞുള്ളൂ. കാരണം ഓരോ കേസ്സിനും ഓരോ സ്വഭാവമാണ്. ഈ സംസ്ഥാനത്ത് വിജിലൻസ് അന്വേഷിക്കുന്ന എല്ലാ കേസ്സുകളും ഒരു പോലെയാണോ? വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്തമായ സ്വഭാവത്തിലുള്ള കേസ്സുകൾ വരുമ്പോൾ ആ കേസ്സുകളെല്ലാം ഒരേ രീതിയിൽ കൈകാര്യം ചെയ്യണമെന്ന വാദം ഉന്നയിക്കുന്നത് ശരിയല്ല. ആ വാദം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ബാർ കോഴക്കേസിൽ ഗവൺമെന്റിനെതിരായ ഒരു പരാമർശവുമുണ്ടായിട്ടില്ല. ഇവിടെ ആരെയും കുറ്റക്കാരാക്കിയിട്ടില്ല. വിജിലൻസ് കൊടുത്ത റിപ്പോർട്ടിന്റെ പേരിൽ തുടരന്വേഷണമേ ഉണ്ടായിട്ടുള്ളൂ. ഇതെല്ലാം കോടതിയുടെ സ്ക്രൂട്ടിണിക്ക് വിധേയമാണ്, കോടതി ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ട്. കേരള ഗവൺമെന്റിനെ തിരായി, വിജിലൻസിനെതിരായി അത്തരത്തിൽ ഒരു പരാമർശവും ഇതുവരെ നടത്തിയിട്ടില്ല. ഉന്നതമായ മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഈ സംസ്ഥാനത്ത് വിജിലൻസ് പ്രവർത്തിക്കുന്നത്. വിജിലൻസിനെ രാഷ്ട്രീയമായി ഉപയോഗിക്കാത്ത ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന് പറയാൻ ഞാൻ

ആഗ്രഹിക്കുന്നു. നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ അന്വേഷണം മുന്നോട്ടുകൊണ്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. ഒരു അഴിമതിയും മൂടിവയ്ക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അഴിമതി ആരോപണമുണ്ടായാൽ അന്വേഷിക്കും, അന്വേഷിക്കാനുള്ള മനോഭാവം കാണിച്ച ഒരു ഗവൺമെന്റാണിത്. കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്ത് എത്ര ആരോപണമുണ്ടായി, ഏതെങ്കിലും അന്വേഷിച്ചോ? ആരും അന്വേഷിച്ചില്ല. എന്നാൽ ആരോപണമുണ്ടായാൽ ഈ ഗവൺമെന്റ് അന്വേഷിക്കും. ആരോപണമുണ്ടായാൽ അത് സത്യമാണെന്ന് നമുക്കാർക്കെങ്കിലും പറയാൻ കഴിയുമോ? എത്രപേരുടെ പേരിൽ ആരോപണം വരാറുണ്ട്; ആരോപണം വരുന്നതൊക്കെ സത്യമാണോ? പൊതുജീവിതത്തിൽ നിൽക്കുന്നയാളുകൾക്കെതിരെ എന്തെല്ലാം ആരോപണങ്ങൾ ഉന്നയിക്കാം - മന:പൂർവ്വം ഉന്നയിക്കാം; തെളിവുകളില്ലാതെ ഉന്നയിക്കാം; ബോധപൂർവ്വം ഗൂഢാലോചന നടത്തി ഉന്നയിക്കാം. അതെല്ലാം സത്യമാണോ എന്ന് അറിയണമെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തണം. ഈ ഗവൺമെന്റ് ഒരു അന്വേഷണത്തിനും എതിരല്ല, അന്വേഷണം നടത്തി വസ്തുതകൾ ജനങ്ങളുടെ മുമ്പിൽ കൊണ്ടുവരിക എന്നുള്ളത് വിജിലൻസിന്റെ ചുമതലയാണ്. ഇന്ന് റിട്ടയർ ചെയ്യുന്ന ശ്രീ. വിൻസൻ എം. പോൾ തന്റെ ഔദ്യോഗിക ജീവിതത്തിൽ മുഴുവൻ

സത്യസന്ധമായും ആത്മാർത്ഥമായും പ്രവർത്തിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ ആത്മാർത്ഥതയിലോ സത്യസന്ധതയിലോ കേരളത്തിലെ ജനങ്ങൾക്കോ ഈ ഗവൺമെന്റിനോ സംശയമില്ല. ഇവിടെ പ്രതിപക്ഷ ഉപനേതാവ് ഒരു ഉണ്ടയില്ലാ വെടിയാണ് വച്ചിട്ടുള്ളത്. ഇത് കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ വില പോകാൻ പോകുന്നില്ല. ആയതിനാൽ ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച പ്രശ്നങ്ങൾ ഈ സഭയിൽ പല പ്രാവശ്യം ചർച്ച ചെയ്യുകയും ഞാൻ അത് നിഷേധിക്കുകയും ചെയ്തിട്ടുള്ളതാണ്. യഥാർത്ഥത്തിൽ സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യമാണ്...... (ബഹളം).....

മി. സ്പീക്കർ: ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് അവർക്ക് മറുപടി പറയാം...... മന്ത്രിക്ക് പറയാനുള്ളത് കേൾക്കണ്ടേ....

ശ്രീ. കെ. ബാബു: സർ, സത്യവുമായി യാതൊരു ബന്ധവുമുള്ള കാര്യങ്ങളല്ല ഇവിടെ പറഞ്ഞത്......(ബഹളം).....

മി. സ്പീക്കർ: ഇതുവരെ അവിടെ നിന്ന് സംസാരിച്ചവരെല്ലാം ഒരു മന്ത്രിയുടെ

പേരെടുത്ത് പറഞ്ഞുകൊണ്ടാണ്. ആ മന്ത്രിക്ക് അതിനെ സംബന്ധിച്ച് വിശദീകരിക്കാനുള്ള അവകാശമുണ്ട്. അതിന് അനുവദിക്കുന്നു. ദയവുചെയ്ത് ഇങ്ങനെ ശബ്ദമുണ്ടാക്കരുത്.......(ബഹളം).....

ശ്രീ. കെ. ബാബു: സർ, ഈ പ്രശ്നത്തിന്റെ മെറിറ്റിലേയ്ക്ക് ഞാൻ പോകുന്നില്ല. കാരണം ഈ കേസ് കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. എന്നുമാത്രമല്ല, കേരള ഹൈക്കോടതി ഇക്കാര്യത്തെക്കുറിച്ചുള്ള പരസ്യമായ ചർച്ചകൾ വിലക്കിയിട്ടുമുണ്ട്. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ എത്ര ലാഘവത്തോടുകൂടിയാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് എഴുതി ക്കൊടുത്തത്. അങ്ങയുടെ നോട്ടീസിൽ പറയുന്നത് - എക്സൈസ് വകുപ്പുമന്ത്രി കെ. ബാബു ബാർ ലൈസൻസ് ഫീ കുറയ്ക്കുന്നതിന്റെ പേരിൽ 10 കോടി രൂപ കോഴ ആവശ്യപ്പെട്ടുവെന്നും അത് ബാർ ഉടമകളിൽ നിന്നും ശേഖരിച്ച് മന്ത്രി നിർദ്ദേശിച്ച സ്ഥലങ്ങളിൽ വച്ച് മന്ത്രിയെ ഏൽപ്പിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് വ്യക്തമായ മൊഴികളും തെളിവുകളും വിജിലൻസിന് ലഭിച്ചിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ അന്വേഷണം അവസാനിപ്പിച്ചുവെന്നുമാണ്. എന്നാൽ ബിജു രമേശിന്റെ 164 സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത് മന്ത്രിയുടെ നിർദ്ദേശപ്രകാരം ഇവർ ഈ തുക

പല സ്ഥലങ്ങളിലായി എത്തിച്ചതായി എന്നോട് പല ഭാരവാഹികളും പറഞ്ഞുവെന്നാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നത് പല സ്ഥലങ്ങളിലായി എനിക്ക് പണം എത്തിച്ചുതന്നുവെന്നാണ്. എന്നാൽ ബിജു രമേശ് പറഞ്ഞിരിക്കുന്നത് പല സ്ഥലങ്ങളിലായി ഞാൻ പറഞ്ഞയിടത്ത് കൊണ്ടുകൊടുത്തുവെന്നാണ്. അത് തന്നെ അടിസ്ഥാനരഹിതമാണ്.

ഇവിടെ ഈ പ്രശ്നത്തിൽ 06-06-2015-ന് റിപ്പോർട്ട് കൊടുത്തു. എന്റെ പേരിലുള്ള അന്വേഷണം അവസാനിപ്പിച്ചു. 10.06.2015-ന് ഇക്കാര്യം എല്ലാ പത്രങ്ങളിലും വന്നു. 08.06.2015 മുതൽ 30.06.2015 വരെ ഈ സഭാ സമ്മേളന മുണ്ടായിരുന്നു. എനിക്കെതിരായ അന്വേഷണം അവസാനിപ്പിച്ചത് ഈ സഭയിൽ അന്ന് ചോദ്യം ചെയ്തിട്ടില്ല. അതിനുശേഷം കഴിഞ്ഞ നാലഞ്ചു മാസത്തിനിടയിൽ ബിജു രമേശ് അടക്കമുള്ളയാളുകൾ ഈ കേസ് അന്വേഷണം അവസാനിപ്പിച്ച തിനെതിരായി കോടതിയെ സമീപിച്ചിട്ടില്ലായിരുന്നു, ഇപ്പോഴും സമീപിച്ചിട്ടില്ല.

മറ്റൊരു കാര്യം, ഞാൻ യോഗം വിളിച്ചുകൂട്ടിയത് ബാർഗെയ്ൻ ചെയ്യാൻ വേണ്ടിയാണെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. നിങ്ങളുടെ ചാനലിലൂടെ ഇന്നലെ ഡോ. ടി. എം. തോമസ് ഐസക്കും പറഞ്ഞു. ഇതിന് മുമ്പ് ഇതുപോലെ യോഗം ആരെങ്കിലും വിളിച്ചു കൂട്ടിയിട്ടുണ്ടോ? ഇല്ല എന്നല്ലേ പറഞ്ഞത്.

ഇത് 25.02.2008-ൽ ബഹുമാനപ്പെട്ട അന്നത്തെ എക്സൈസ് വകുപ്പുമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിന്റെ മിനിറ്റ്സാണ്. ......(ബഹളം)..... ഞാൻ പറയട്ടെ, അപ്പോൾ യോഗം വിളിച്ചുകൂട്ടാറുണ്ടല്ലോ. നിങ്ങൾ ഇതുവരെ പറഞ്ഞതെന്താണ്? അങ്ങനെ മീറ്റിംഗ് വിളിച്ചുകൂട്ടാറില്ല, അങ്ങനെയൊരു കീഴ്വഴക്കമില്ലെന്നാണ്. ഞാൻ വിളിച്ചുകൂട്ടിയ യോഗത്തിൽ തുക വർദ്ധിപ്പിക്കുമെന്ന് പറഞ്ഞത് ശരിയാണ്. അതിന്റെ മിനിറ്റ്സുണ്ട്. ഞാൻ രഹസ്യയോഗമൊന്നുമല്ല കൂടിയത്.

<u>ഡോ. റ്റി. എം. തോമസ് ഐസക്</u>: സർ, പ്രീ-ബഡ്ജറ്റ് ചർച്ച എന്നു പറഞ്ഞാൽ നിരക്ക് നിശ്ചയിക്കാനുള്ള ചർച്ചയല്ല. കേരളത്തിന്റെ വികസനം എന്തായിരിക്കണം, എന്തൊക്കെ മുൻഗണന നൽകണം, എങ്ങനെയൊക്കെയാണ് വിഭവസമാഹരണം നടത്തേണ്ടത് എന്നുള്ളതാണ്. ഏതെങ്കിലും ഒരു പ്രീ ബഡ്ജറ്റ് ചർച്ചയിൽ നികുതിയുടെ നിരക്ക് ഞങ്ങൾ ഇത്ര ഉദ്ദേശിക്കുന്നു, ഞങ്ങൾ കുറച്ചുതരാം എന്നുള്ള ചർച്ച നടന്നതായി ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ?

<u>ശ്രീ. കെ. ബാബു</u>: സർ, പ്രീ-ബഡ്ജറ്റ് മീറ്റിംഗ് ഞാൻ വിളിച്ചു കൂട്ടിയിട്ടുണ്ടോ? ഇല്ല. എല്ലാ വർഷവും പ്രീ-അബ്കാരി പോളിസി ചർച്ച ചെയ്യാറുണ്ട്. 25.02.2008-ൽ ശ്രീ. പി. കെ. ഗുരുദാസനും യോഗം വിളിച്ചു കൂട്ടിയിട്ടുണ്ട്. എല്ലാ വർഷവും വിളിച്ചു കൂട്ടിയിട്ടുണ്ട്. ഇല്ല എന്നു പറയട്ടെ. അതിന്റെ മിനിറ്റ്സാണിത്. ഫീസ്

വർദ്ധിപ്പിക്കേണ്ടി വരുമെന്ന് അന്ന് ഞാൻ വിളിച്ച കൂട്ടിയ യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ആ യോഗത്തിലല്ല ഇക്കാര്യത്തിൽ തീരുമാനമെടുത്തത്. ഫെബ്രുവരി മാസം 4-ാം തീയതി യോഗം വിളിച്ചുകൂട്ടി. മാർച്ച് മാസം 6-ാം തീയതി ഞാനും ഉദ്യോഗസ്ഥരും കൂടിയിരുന്ന് ചർച്ച ചെയ്തത്......ഞാൻ പറഞ്ഞു പൂർത്തിയാക്കട്ടെ .......(ബഹളം).... പ്രീ ബഡ്ജറ്റ് മീറ്റിംഗ് വിളിക്കാൻ എനിക്ക് അധികാരമില്ല. പ്രീ-ബഡ്ജറ്റ് മീറ്റിംഗ് വിളിക്കുന്നത് ധനകാര്യ വകുപ്പുമന്ത്രിയാണ്. പ്രീ-അബ്കാരി പോളിസി എല്ലാവരുമായി ചർച്ച ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, പോയിന്റ് ഓഫ് ഓർഡർ.

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രീ- ബഡ്ജറ്റ് ഡിസ്കഷനല്ല നടത്തിയതെന്ന് മന്ത്രി പറഞ്ഞത് ശരിയായിരിക്കാം. പക്ഷെ ഹാജരാക്കിയിരിക്കുന്ന രേഖയിൽ പറയുന്നത്, Annexure-1 Copy of the minutes of Pre-Budgetary meeting held at....... (ബഹളം).......

ശ്രീ. കെ. ബാബു: സർ, പ്രീ - ബഡ്ജറ്റ് മീറ്റിംഗ് വിളിക്കുന്നത് ധനകാര്യ വകുപ്പുമന്ത്രിയാണ്. പ്രീ-അബ്കാരി പോളിസി മീറ്റിംഗ് എല്ലാ വർഷവും കൂടാറുണ്ട്. ശ്രീ. പി. കെ. ഗുരുദാസൻ മന്ത്രിയായിരുന്നപ്പോൾ എല്ലാ വർഷവും കൂടിയിട്ടുണ്ട്. ഇവിടെനിന്ന് അയച്ച നോട്ടീസ് നോക്കിയാൽ മതി. ഞാൻ വിളിച്ചുകൂട്ടിയ

യോഗത്തിലെ തീരുമാനം എന്താണ്? തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. തുക വർദ്ധപ്പിക്കാൻ പാടില്ലായെന്നും 22 ലക്ഷം രൂപയിൽനിന്നും 18 ലക്ഷം രൂപയായി കുറയ്ക്കണമെന്നുമാണ് അവർ ആവശ്യപ്പെട്ടത്. അവരുടെ ഡിമാന്റ് മൂന്നര മണിക്കൂർ വെട്ടിക്കുറച്ചതുകൊണ്ട് തുക കുറയ്ക്കണമെന്നായിരുന്നു. തുക കുറയ്ക്കാൻ പറ്റില്ലായെന്ന് ഞാൻ പറഞ്ഞു. അവരുടെ യോഗം കഴിഞ്ഞ് മാർച്ച് ആറാം തീയതി....... (ബഹളം).....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയെ സംസാരിക്കാൻ അനുവദിക്കണം. മന്ത്രി പറഞ്ഞതിനുശേഷം നിങ്ങൾക്ക് സംസാരിക്കാമല്ലോ.

<u>ശ്രീ. കെ. ബാബു</u>: ഫെബ്രുവരി 4-ാം തീയതി യോഗം കൂടി. മാർച്ച് ആറാം തീയതി ഉദ്യോഗസ്ഥന്മാരുടെ യോഗം ചേർന്ന് 23 ലക്ഷം രൂപയായി ഉയർത്താൻ തീരുമാനിച്ചു. അത് ശരിയാണ്. ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ വിളിച്ചുകൂട്ടിയ യോഗത്തിന്റെ മിനിട്സ് ഞാൻ വായിക്കാം. 25.02.2008-ൽ ...........(ബഹളം).....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങ് 25 മിനിട്ട് സംസാരിച്ചപ്പോൾ ഒരു ശബ്ദംപോലും ഇപ്പുറത്തുനിന്ന് ഉണ്ടായില്ല. അങ്ങ് പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയാൻ അവരെ അനുവദിക്കണം. ഇങ്ങനെ ബഹളം ഉണ്ടാക്കുന്നത് ശരിയല്ല. അങ്ങ് 25 മിനിട്ട് സംസാരിച്ചപ്പോൾ ഒരു ശബ്ദംപോലും

ഉണ്ടാക്കാതെ മുഴുവനും ഇവിടെ കേട്ടിരുന്നവരാണ്. അതിന് മറുപടി പറയാൻ അവർക്ക് സ്വാതന്ത്ര്യമുണ്ട്. മറുപടി പറയാൻ അനുവദിക്കണം.

ശ്രീ. കെ. ബാബു: സർ, ഞാൻ വിളിച്ചുകൂട്ടിയ യോഗത്തിൽ ഫീസ് വർദ്ധനവ് ചർച്ച ചെയ്തിട്ടില്ല. ഒരു മാസം കഴിഞ്ഞ് ഉദ്യോഗസ്ഥരുമായി കൂടിയ യോഗത്തിലാണ് ഒരു ലക്ഷം രൂപ വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. അതിനെ സംബന്ധിച്ച് ടാക്സസ് സെക്രട്ടറിയും എക്സൈസ് കമ്മീഷണറും വിജിലൻസിന് കൊടുത്ത മൊഴി ഇവിടെയുണ്ട്. എക്സൈസ് കമ്മീഷണർ പറഞ്ഞിരിക്കുന്നത് ഇത് ഞങ്ങളുടെ കളക്ടീവായിട്ടുള്ള തീരുമാനമാണെന്നാണ്. കളക്ടീവായിട്ടുള്ള നിർദ്ദേശമാണെന്ന് എക്സൈസ് കമ്മീഷണറുടെയും സെക്രട്ടറിയുടെയും മൊഴിയുണ്ട്. ബഹുമാനപ്പെട്ട മുൻ എക്സൈസ് വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വരുന്ന വർഷം റെന്റൽ തുക കൂട്ടില്ലായെന്ന് ഉറപ്പു നൽകിക്കൊണ്ടാണ് തീരുമാനം അവസാനിപ്പിക്കുന്നത് (മിനിട്ട്സിന്റെ കോപ്പി ഉയർത്തി കാണിച്ചു). ഞാൻ മേശപ്പുറത്തു വയ്ക്കാം. 2006 ജൂൺ 23-ാം തീയതി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ പാരാ 212 നകത്ത് പറഞ്ഞിരിക്കുന്നത്, നിലവിലുള്ള വരുമാന നഷ്ടം ഒഴിവാക്കാൻ കോമ്പൗണ്ടിംഗ് നിരക്കിലോ അല്ലെങ്കിൽ കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ ഏറ്റവും കൂടുതൽ വിൽപ്പന നടന്ന കാലയളവിൽ അടച്ചതോ അടയ്ക്കാൻ

ബാധ്യതപ്പെട്ടതോ ആയ നികുതിയുടെ 125 ശതമാനം ഇവയിൽ കൂടുതൽ ഏതാണോ അത് അടച്ച് കോമ്പൗണ്ട് ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നു. അത് കഴിഞ്ഞ് വന്ന ഫിനാൻസ് ബില്ലിൽ പറയുന്നത്, " at one hundred and fifteen percent of the highest turnover tax payable by it as conceded in the return or accounts or the turnover tax paid for any of the previous consecutive three years, whichever is higher." 115 % ആയി കുറയ്ക്കാൻ ഡോ. ടി. എം. തോമസ് ഐസക് തീരുമാനിച്ചു. ഞാൻ കുറ്റം പറഞ്ഞില്ല. ഡോ. ടി. എം. തോമസ് ഐസക് 125 ശതമാനം കോമ്പൗണ്ടിംഗ് ബഡ്ജറ്റ് പ്രസംഗത്തിൽ കൊണ്ടുവന്നു. ഫിനാൻസ് ബിൽ കൊണ്ടുവന്നപ്പോൾ 115 ശതമാനമായി കുറച്ചു. അതിൽ വല്ല അഴിമതിയുമുണ്ടോ? ഇത് പലപ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. 2013 ഫെബ്രുവരി 4-നാണ് ഞാൻ യോഗം വിളിച്ചുകൂട്ടിയത്. ഒക്ടോബർ 31-ന് ശ്രീ. ബിജു രമേശ് ആദ്യമായി ആരോപണം ഉന്നയിച്ചു. അപ്പോൾ എന്നെക്കുറിച്ച് പറഞ്ഞില്ല. പല പ്രാവശ്യം വിജിലൻസിന് മൊഴി കൊടുത്തു. അപ്പോഴും എന്നെക്കുറിച്ച് പറഞ്ഞില്ല. മാർച്ച് 30-ാം തീയതി ശ്രീ. ബിജു രമേശ് 164 സ്റ്റേറ്റ്മെന്റ് കൊടുത്തു. അന്ന് പുറത്തുവന്ന് എന്നെക്കുറിച്ച് ആക്ഷേപം പറഞ്ഞു. മാർച്ച് 31-ന് പത്രസമ്മേളനം നടത്തി ആരോപണം ഞാൻ നിഷേധിച്ചു. അന്ന് രാത്രിയാണ് എനിക്ക് പണം

നൽകിയതായി ശ്രീ. ബിജു രമേശ് പറയുന്നത്. നിങ്ങൾക്ക് കോടതിയിൽ വിശ്വാസമുണ്ടല്ലോ; ഇത് കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമല്ലേ; ദയവായി അതുവരെ കാത്തിരിക്കൂ. എന്താണ് കാത്തിരിക്കാൻ ബുദ്ധിമുട്ട്? യഥാർത്ഥത്തിൽ ഈ ആരോപണം ഉന്നയിച്ചത്...... 2013 ഫെബ്രുവരി 4-ാം തീയതി കൂടിയ യോഗത്തെക്കുറിച്ച്....... അതുമാത്രമല്ല അബ്കാരി പോളിസിയുടെ ഭാഗമായി 23 ലക്ഷം രൂപയായി ഉയർത്താൻ തീരുമാനിച്ചത് ക്യാബിനറ്റാണ്. ക്യാബിനറ്റ് നോട്ട് തിരുത്തിയിട്ടില്ല. തിരുത്തിയിട്ടുണ്ടെങ്കിൽ കൊണ്ടുവരണം. ഞാൻ വെല്ലുവിളിക്കുകയാണ് ക്യാബിനറ്റ് നോട്ട് തിരുത്തിയത് സഭയിൽ വെയ്ക്കാമോ? ക്യാബിനറ്റ് നോട്ട് തിരിത്തിയെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. അത് സഭയിൽ വെയ്ക്കാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആ ക്യാബിനറ്റ് നോട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടോ?

ശ്രീ. കെ. ബാബു: സർ, അക്കാര്യം പരിശോധിച്ചിട്ട് പറയാം. സഭാ ചട്ടങ്ങളനുസരിച്ച് വെയ്ക്കാവുന്നതാണെങ്കിൽ തീർച്ചയായും വയ്ക്കും. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, ക്യാബിനറ്റ് നോട്ട് തിരുത്തിയെന്നാണ്. ക്യാബിനറ്റ് നോട്ട് തിരുത്തിയത് സഭയിൽ വയ്ക്കാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ക്യാബിനറ്റ് നോട്ട് നിങ്ങളുടെ കൈവശമാണുള്ളത്. നിങ്ങളുടെ കൈവശമുള്ള ക്യാബിനറ്റ് നോട്ട് മേശപ്പുറത്ത് വയ്ക്കുമോയെന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. കെ. ബാബു: സർ, പിന്നെ എവിടെ നിന്നാണ് ക്യാബിനറ്റ് നോട്ട് കിട്ടിയത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിങ്ങളുടെ മന്ത്രിസഭയിൽ അന്ന് തീരുമാനമെടുത്ത എല്ലാ മന്ത്രിമാരും ഇപ്പോൾ മന്ത്രിസഭയിലില്ലായെന്ന കാര്യം ഓർക്കണം. എങ്ങനെയാണ് ഞങ്ങൾക്ക് കിട്ടുന്നതെന്ന് കാണിച്ചുതരാം.

ശ്രീ. കെ. ബാബു: സർ, ഞാൻ ക്യാബിനറ്റ് നോട്ട് തിരുത്തിയെന്ന് അങ്ങ് പറഞ്ഞു. അത് കയ്യിലുണ്ടെങ്കിൽ വയ്ക്കണമെന്ന് മാത്രമാണ് ഞാൻ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മന്ത്രിസഭയുടെ മുന്നിൽ വന്നിട്ടുള്ള ക്യാബിനറ്റ് നോട്ട് രേഖയായുണ്ട്. അത് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ? നിങ്ങളുടെ മന്ത്രിസഭയിൽ തീരുമാനം എടുത്ത ആളുകളെല്ലാം ഇപ്പോൾ മന്ത്രിസഭയിലില്ലായെന്ന കാര്യം മാത്രം ആലോചിച്ചാൽ മതി.

ശ്രീ. കെ. ബാബു: സർ, ഏതായാലും ഞാൻ ഈ ആരോപണങ്ങൾ നിഷേധിക്കുകയാണ്. ഇവർക്ക് കോടതിയിൽ നല്ല വിശ്വാസമുള്ള സ്ഥിതിക്ക്

കോടതി വിധി വരുന്നതുവരെ കാത്തിരിക്കുക. ധാർമ്മികമായി ഇക്കാര്യത്തിൽ എനിക്ക് ഒരു തരത്തിലും പിന്നോട്ട് നിൽക്കേണ്ട കാര്യമില്ല. നൂറ് ശതമാനവും സത്യസന്ധമായി സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് തീരുമാനം എടുത്തിട്ടുള്ളത്. ഞാൻ നിർത്തുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബാർ കോഴ കേസ് അന്വേഷിക്കുന്ന സമയത്തുതന്നെ വിജിലൻസ് ഡയറക്ടർ ശ്രീ.വിൻസൻ എം. പോൾ എസ്.ഐ.യു.-1-ന്റെ ചാർജ്ജുള്ള ശ്രീ. സുകേശനോട് മന്ത്രി ബാബുവിനെതിരെ ബിജു രമേശ് ഉന്നയിച്ച ആരോപണവുംകൂടി അന്വേഷിക്കാമോയെന്ന് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. അന്വേഷിച്ചു കൊണ്ടിരിക്കുന്ന കേസുമായി ഈ കേസിന് ബന്ധമില്ലാത്തതിനാൽ ഇതോടൊപ്പം അന്വേഷിക്കാൻ കഴിയില്ലായെന്ന് ശ്രീ. സുകേശൻ മറുപടി നൽകി. അതിനുശേഷമാണ് വിജിലൻസ് ഡയറക്ടർ ഒരു പ്രിലിമിനറി എൻക്വയറിക്ക് എറണാകുളം യൂണിറ്റിനെ ചുമതലപ്പെടുത്തിയത്.

മി. സ്പീക്കർ: ബഹുമാന്യരായ മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ,

'പിടിച്ചതിനേക്കാൾ വലുതാണ് അള'യിലുള്ളത് എന്നുപറഞ്ഞതുപോലെയാണ് ഈ സർക്കാരിലെ അഴിമതിക്കാരായ മന്ത്രിമാരുടെ കാര്യം. ഒരു വർഷം മുമ്പാണ് ഈ മന്ത്രിസഭയിലെ മന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണിയെപ്പറ്റി ഞങ്ങൾ ആക്ഷേപം ഉന്നയിച്ചത്. മാണി ഒരുകോടിരൂപ കൈക്കൂലി ചോദിച്ചതിനെപ്പറ്റിയായിരുന്നു അന്ന് ഞങ്ങൾ ഉന്നയിച്ചത്. അന്ന് മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയുമൊക്കെ എന്താണ് പറഞ്ഞത്; മാണി കൈക്കൂലി വാങ്ങിയെന്ന് പറയുകയോ; ശുദ്ധ അസംബന്ധം, പരമ സാത്വികനും, കാരുണ്യവാനും സർവ്വോപരി മഹാത്യാഗിയുമായ മാണിയെ കൈക്കൂലിക്കാരനായി ചിത്രീകരിക്കുന്നത് മഹാപാപമല്ലേ എന്നായിരുന്നു അപ്പുറത്തിരിക്കുന്നവർ അകത്തും പുറത്തും ചോദിച്ചുകൊണ്ടിരുന്നത്. 'മാണി സാർ സെയ്ഫ് 'എന്നുവരെ ഒരു മന്ത്രി തട്ടിവിട്ടത് കേട്ടു. ആ മാണിയെ സെയ്ഫാക്കാൻ പഠിച്ച പണി പതിനെട്ടും ഇക്കൂട്ടർ പയറ്റുകയും ചെയ്തു. എന്നിട്ടെന്തായി; നാണംകെട്ട് മാണിക്ക് പുറത്തുപോകേണ്ടി വന്നു; മാണിയുടെ സീറ്റുതന്നെ തെറിച്ചുപോയില്ലേ?

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ"

എന്ന് മഹാഭാരതത്തിലെ ഗാന്ധാരി വിലാപത്തിൽ പറഞ്ഞതു പോലെയാണ് മാണിയുടെ അവസ്ഥ. അദ്ദേഹത്തിന് ലവലേശം നാണമില്ല. 'നാണം കെട്ടും പണം

തേടിയെന്നാൽ നാണക്കേട് ആ പണം തീർത്തുകൊള്ളും'. എന്നാണല്ലോ മാണിയുടെ ആപ്തവാക്യം. ഇത് ഞാൻ ആമുഖമായി പറഞ്ഞതാണ്. മന്ത്രി കെ. ബാബുവിന്റേതാണ് ഇപ്പോഴത്തെ പ്രശ്നം. മാണിയുടേതിനേക്കാൾ ഗുരുതരമാണ് മന്ത്രി കെ. ബാബു വാങ്ങിയ കോഴ. മാണി ഒരു കോടി രൂപയാണ് കോഴ വാങ്ങിയതെങ്കിൽ ബാബു 10 കോടി രൂപയാണ് വാങ്ങിയത്. പ്രതിപക്ഷം മാത്രമാണോ ഇതുപറയുന്നത്; ശ്രീ. ഉമ്മൻചാണ്ടിയുടെ എന്ത് അസംബന്ധത്തിനും തുല്യം ചാർത്താൻ അഹമഹമിഹയാ ചാടിയെണീറ്റ് എത്തുന്ന മാണി ഗ്രൂപ്പുകാരാണല്ലോ വലിയ പ്രതിഷേധം ഉയർത്തുന്നത്. രാജിവച്ചശേഷം മാണി എന്താണ് പറഞ്ഞത്; ഞാൻ ഒരു കോടി രൂപ കോഴ വാങ്ങിയെന്നത് കേട്ടുകേൾവി മാത്രമാണ്. എന്നാൽ മന്ത്രി കെ. ബാബു 10 കോടി രൂപ കൈക്കൂലി വാങ്ങിയതിനെപ്പറ്റി പറഞ്ഞത്, ബാബുവിനും മാണിക്കും നേരിട്ട് കൊടുത്തുവെന്ന് തന്നെയാണ്. മാണിയുടെ ചോദ്യം ന്യായമല്ലേ; തന്നെ പുറത്താക്കിയപ്പോൾ എന്തുകൊണ്ട് ബാബുവിനെ പുറത്താക്കിയില്ല എന്നാണ് മാണി ചോദിച്ചതിന്റെ ലളിതമായ അർത്ഥം. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയല്ലേ ഇതിനു മറുപടി പറയേണ്ടത്; അദ്ദേഹം ഒരു കള്ളച്ചിരിയുമായി അവിടെയിരിക്കുകയല്ലേ; ഒരു കോടി രൂപ വാങ്ങിയ മാണിയെ കേസിൽപ്പെടുത്തി, നാണംകെടുത്തി മന്ത്രിസഭയിൽനിന്ന് പുറത്താക്കി.

10 കോടി രൂപ വാങ്ങിയ മന്ത്രി കെ. ബാബു ഇപ്പോഴും കൊടിവച്ച കാറിൽ പറന്നുനടക്കുന്നു. ഇത് ഇരട്ട നീതിയല്ലേ എന്നാണ് മാണിക്കുഞ്ഞുങ്ങൾ നെഞ്ചത്തടിച്ച് കരഞ്ഞുകൊണ്ട് കൂവുന്നത്. ശരിയാണ്, ഇത് രണ്ടുതരം നീതിതന്നെ. സ്പീക്കർ സാർ, അങ്ങും ഈ കരച്ചിൽ കേൾക്കുന്നില്ലേ; അങ്ങ് നീതിമാനാണെന്നാണല്ലോ വയ്പ്. മാണിക്ക് ഒരു നീതി, ബാബുവിന് മറ്റൊരു നീതി. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യണം. അങ്ങയുടെ നീതി എന്താണെന്ന് ഇന്നലെ ഞങ്ങൾ കണ്ടു. വനിതാ എം.എൽ.എ.മാരെ ആക്രമിച്ച ദുശ്ശാസനന്മാർക്കെതിരെ കേസില്ല; പ്രതിപക്ഷ എം.എൽ.എ.-മാർക്കെതിരെ കേസ്. ഒരു പന്തിയിൽ രണ്ട് വിളമ്പോ; ഇതെന്ത് അനീതിയാണ്? മന്ത്രി കെ.ബാബു മുഖ്യമന്ത്രിയുടെ അടുപ്പക്കാരനായതുകൊണ്ടാണോ മുഖ്യമന്ത്രി അദ്ദേഹത്തെ സംരക്ഷിക്കുന്നത് എന്നാണ് മാണി ഗ്രൂപ്പുകാർ ചോദിച്ചുകൊണ്ടിരിക്കുന്നത്. അതോ ബാബു കൈപ്പറ്റിയ കോടികളുടെ ഒരു പങ്ക് പുതുപ്പള്ളി വഴിയെങ്ങാനും പോയോ; പറയണം അങ്ങ് സുതാര്യത കെട്ടിത്തൂക്കി കഴുത്തിലിട്ടിരിക്കുന്ന ആളല്ലേ; ........(ബഹളം)........ ഏതായാലും 10 കോടി രൂപ ഒറ്റയടിക്ക് ഒളിപ്പിച്ചു വയ്ക്കാൻ പാവം ബാബുവിന് കഴിയുമെന്ന് തോന്നുന്നില്ല. അന്വേഷണം നേരാംവണ്ണം നടന്നാൽ മന്ത്രി കെ. ബാബു മാത്രമല്ല മുഖ്യമന്ത്രി ഉമ്മൻചാണ്ടിതന്നെ കുടുങ്ങുമെന്നുള്ള ഭയംകൊണ്ടാണോ നിങ്ങൾ

ബാബുവിനെ രക്ഷിക്കാനുള്ള ശ്രമം നടത്തുന്നത്? ബാബു വിജിലൻസിനു നൽകിയ മൊഴി ഇപ്പോൾ പുറത്തുവന്നിട്ടുണ്ടല്ലോ; അതിൽ നിന്ന് കാര്യങ്ങളെല്ലാം വ്യക്തമല്ലേ: മാണിയപ്പോലെതന്നെ കൈക്കൂലി കൈപ്പറ്റാനുള്ള അവസരം വളരെ സമർത്ഥമായി ബാബു ഒതുക്കിയെന്നല്ലേ ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. പിന്നെ നിങ്ങളുടെ വിജിലൻസ് ബാബുവിനെ വെള്ളപൂശുന്നത് എന്തിനാണ്? ക്വിക്ക് വെരിഫിക്കേഷൻ പ്രഖ്യാപിച്ചല്ലേ നിങ്ങൾ മാണി സെയ്ഫാണെന്ന് പറഞ്ഞത്. ശ്രീ. ബാബുവിനെതിരെയും ഒരു ക്വിക്ക് വെരിഫിക്കേഷൻ പ്രഖ്യാപിച്ചതിനുശേഷം അദ്ദേഹവും സേഫ് ആണെന്ന് വെണമെങ്കിൽ തട്ടി വിട്ടുകൂടെ; മി. രമേശ്, നിങ്ങൾ ലളിതകുമാരി കേസിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഈ സഭാംഗങ്ങളെ പഠിപ്പിച്ചില്ലേ; ബാബുവിന്റെ കാര്യത്തിൽ എവിടെപ്പോയി ഈ ലളിതകുമാരി കേസിലെ ക്വിക്ക് വെരിഫിക്കേഷൻ; വിജിലൻസ് മാന്വലിൽ പോലുമില്ലാത്ത പ്രാഥമിക അന്വേഷണമെന്ന പ്രഹസനം നിങ്ങൾക്ക് എവിടെനിന്നാണ് കിട്ടിയത്? കോൺഗ്രസുകാരന് ഒരു നീതിയും കേരള കോൺഗ്രസുകാരന് മറ്റൊരു നീതിയും. മി. രമേശ്, നിങ്ങൾ ഇങ്ങനെ അധഃപതിക്കരുതായിരുന്നു. ഈ സഭയിൽ ഒരു മലയാളഭാഷാ ബിൽ കൊണ്ടുവന്നില്ലേ? നാണം, ഉളുപ്പ് എന്നിങ്ങനെയുള്ള വാക്കുകൾ നിങ്ങൾ കേട്ടിട്ടുണ്ടോ; നിങ്ങളുടെ മന്ത്രിമാർ ഓരോരുത്തരും അഴിമതി നടത്തി

ഇങ്ങനെ നാണംകെടുന്നത് എന്തിനാണ്; കേരള ചരിത്രത്തിൽ എന്നെങ്കിലും ഒരു മന്ത്രിസഭയിലെ ഏതാണ്ട് എല്ലാ മന്ത്രിമാരും അഴിമതി ആരോപണങ്ങളിൽ കുടുങ്ങുന്ന അവസ്ഥ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? അഴിമതിയുടെ പേരിൽ ഇപ്പോൾ മി. മാണിയാണ് പുറത്തുപോകേണ്ടിവന്നിട്ടുള്ളത്. താമസിയാതെ അദ്ദേഹത്തിനുവേണ്ടി പൂജപ്പുര സെൻട്രൽ ജയിലിന്റെ വാതിലുകൾ തുറക്കപ്പെടുകതന്നെ ചെയ്യും. അടുത്ത ഊഴം ശ്രീ. ബാബുവിന്റേതാണ്. തനിക്കെതിരെ ഒരു കേസുമില്ലെന്നുപറഞ്ഞാണ് അദ്ദേഹം ഇപ്പോൾ വീമ്പടിക്കുന്നത്. അഴിമതിക്കാരന്റെ കൈവിരൽ മുറിച്ച വേലുത്തമ്പി ദളവയെ സാക്ഷിനിർത്തിക്കൊണ്ടല്ലേ, കൈക്കൂലി കൊടുത്തയാൾ ചാക്കുകണക്കിന് പണം പരിപാവനമായ സെക്രട്ടേറിയറ്റിലെ ശ്രീ. ബാബുവിന്റെ ഓഫീസിലെത്തിച്ചത്; അത് അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി ചുമന്ന് സ്റ്റേറ്റ് കാറിന്റെ ഡിക്കിയിലല്ലേ കൊണ്ടിട്ടത്? ഇത് ഞാൻ പറഞ്ഞതല്ല, കൊണ്ടുകൊടുത്ത ആൾ നീതിപീഠത്തിനുമുമ്പിൽ തൊഴുകയ്യോടെനിന്ന് പറഞ്ഞതല്ലേ; നുണപരിശോധ നയ്ക്ക് വിധേയനാകാൻ അയാൾ തയ്യാറാണെന്ന് പറഞ്ഞതല്ലേ? കേരളത്തിന്റെ മുഖ്യമന്ത്രിയെ ഒരു മുതലാളി വെല്ലുവിളിക്കുകയല്ലേ ചെയ്യുന്നത്? ശ്രീ. ബാബുവിന്റെ ഓഫീസിൽ ശ്രീ. അജയഘോഷ് എന്നൊരു വിദ്വാൻ

ഉണ്ടായിരുന്നില്ലേ; ടിയാനെ എറണാകുളത്ത് ഫെഡറൽ ബാങ്കിന്റെ പനങ്ങാട് ശാഖയിൽ ഒരു സേവിംഗ്സ് അക്കൗണ്ടുണ്ട്. അതിന്റെ എല്ലാ വിവരങ്ങളും എന്റെ പക്കലുണ്ട്. 01.09.2011 മുതൽ കോടികളുടെ ഇടപാടാണ് ഈ അക്കൗണ്ടിലൂടെ ഇയാൾ നടത്തിയിരിക്കുന്നത്. ബാബു വാങ്ങിയ കൈക്കൂലിയിൽ എത്ര തുക ഈ അക്കൗണ്ടിലേയ്ക്ക് കൊടുത്തിട്ടുണ്ട്; ഇനിയെങ്കിലും ബാബുവിനെതിരെ ഒരു എഫ്.ഐ.ആർ. ഇടാൻ എന്തുകൊണ്ടാണ് തയ്യാറാവാത്തത്? കേരളത്തിലെ ജനങ്ങളെയാകെ നിങ്ങൾ അപഹസിക്കുകയാണ്. കാര്യങ്ങളൊക്കെ നേരാംവണ്ണം മുന്നോട്ടുപോയാൽ പൂജപ്പുരയുടെ വാതിലുകൾ ശ്രീ. ബാബുവിനും മന്ത്രിസഭയിലെ മറ്റ് പലർക്കുംവേണ്ടി തുറക്കപ്പെടും. പൂജപ്പുരയിൽ പുതിയ സെല്ലുകൾ പണിയേണ്ടിവരുമോയെന്നാണ് എനിക്ക് സംശയം. 'ഉപ്പ് തിന്നുന്നവൻ വെള്ളം കുടിക്കും' എന്ന ചൊല്ല് വെറുതെയല്ല. ജീവിതാനുഭവങ്ങളിൽനിന്ന് ഊറിക്കൂടിയ സത്യവാചകമാണത്. അത് സത്യമായി വരാതിരിക്കാൻ കഴിയില്ല, അത് സംഭവിക്കുകതന്നെ ചെയ്യും. ശ്രീ. ബാബുവിന്റെ കോഴ സംബന്ധിച്ച് ചർച്ച ചെയ്താൽ ഭരണപക്ഷത്തിരിക്കുന്ന പലരുടേയും ചെമ്പുതെളിയും. പലരുടേയും മുഖം വികൃതമാകും. എന്തുവന്നാലും നാണം തോന്നാത്ത ശ്രീ. ഉമ്മൻചാണ്ടിയുടെ നെഞ്ചിടിപ്പുപോലും കൂടും. അതുകൊണ്ടാണ് നിങ്ങൾ ഈ ഗുരുതരമായ പ്രശ്നം ചർച്ച

ചെയ്യാൻ തയ്യാറാകാത്തതെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് ഒരു തീരുമാനം വേണം. ഞങ്ങൾ വാക്കൗട്ട് ചെയ്യുകയല്ല, ഇവിടെത്തന്നെ ഇരിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽനിന്നും എഴുന്നേറ്റ് ഡയസിനുമുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): എന്റെ ഓഫീസിൽ ശ്രീ. അജയഘോഷ് എന്നൊരാൾ ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: പ്ലീസ്....... പ്ലീസ്...... സഭ നടത്തിക്കൊണ്ടുപോകണ്ടേ........ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.